# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പോർക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-TSR-P12)2000/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 21/12/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോർക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-TSR-P12)2000/2022. തീയ്യതി: 21/12/2022

## തൃശ്ശൂർ ജില്ലയിലെ പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-07-2021 മുതൽ 09-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സതീശൻ എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 09-11-2022 | 19-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-11-2022 | 19-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) മീര.ടി., ഓഡിറ്റ് ഓഫീസർ

2) ഷൈനി കൃഷ്ണദാസ് , അസി.ഓഡിറ്റ് ഓഫീസർ

3) സ്വാലിഹ്. സി.പി., ഓഡിറ്റർ

4) ആതിര.സി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ.കെ.രാമചന്ദ്രൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ഷീജ എൻ.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 07-04-2021 |
| വൃന്ദ വി | സെക്രട്ടറി | 08-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാഗേഷ് പി.ആർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| രാഹുൽ.ഇ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ഡോ.റിൻസി | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 01-04-2021 | 30-04-2021 |
| ഡോ.നിതിൻ.പി.എ | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 01-05-2021 | 31-03-2022 |
| ഡോ.കവിത.പി.കെ | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.പാമി മാളിയേക്കൽ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| രോഹിണി ടി.ജെ | എൽ.വി.ഇ.ഒ | 01-04-2021 | 14-03-2022 |
| രഘുനാഥൻ എ.വി | വി.ഇ.ഒ | 15-03-2022 | 31-03-2022 |
| ഷീജ എൻ. വി | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ബിന്ദു. സി എസ് | ഐ.സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 08-11-2021 |
| ലത. ടി ആർ | ഐ.സി ഡി എസ് സൂപ്പർവൈസർ | 09-11-2021 | 31-03-2022 |
| ഹീര സുരേഷ് പി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | ക്ഷേമ പെൻഷനുകൾ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-11 |
| 12 | വസ്തുനികുതി(റെസിഡെൻഷ്യൽ തൻവർഷം)-ഡിസിബി പത്രിക, വാർഷികകണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല | 1-12 |
| 13 | വസ്തുനികുതി-നോൺറെസിഡൻഷ്യൽ(തൻവർഷം )-ഡിസിബി പത്രിക, വാർഷികകണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല | 1-13 |
| 14 | വസ്തു നികുതി-റെസിഡൻഷ്യൽ(കുടിശ്ശിക )-ഡിസിബി പത്രിക ,വാർഷികകണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല | 1-14 |
| 15 | വസ്തു നികുതി-സർവ്വീസ് സെസ് റെസിഡൻഷ്യൽ(ത**ൻ**വ**ർ**ഷം + കുടിശ്ശിക )-ഡിസിബി പത്രിക ,വാർഷികകണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല | 1-15 |
| 16 | വസ്തു നികുതി-സർവ്വീസ് സെസ് നോ**ൺ** റെസിഡൻഷ്യൽ(ത**ൻ**വ**ർ**ഷം)-ഡിസിബി പത്രിക ,വാർഷികകണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല | 1-16 |
| 17 | ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)-ഡിസിബി പത്രികയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-17 |
| 18 | വസ്തുനികുതി മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക-ഡിസിബി പത്രികയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-18 |
| 19 | വസ്തുനികുതി-സമയബന്ധിതമായ ഡിമാന്റ് എൻട്രി ഇല്ല | 1-19 |
| 20 | വരവ് രജിസ്റ്ററുകൾ- വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല | 1-20 |
| 21 | മുൻകൂർ ലഭിച്ച തുകകൾ-ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല | 1-21 |
| 22 | സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-22 |

| | | |
|---|---|---|
| 23 | “280000000-Prior Period Item”-വൌച്ചറുകൾ അനുബന്ധ രേഖകൾ ഇല്ല | 1-23 |
| 24 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ -ആധികാരിക രേഖകൾ ഇല്ല | 1-24 |
| 25 | വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-25 |
| 26 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-26 |
| 27 | ഡിപ്രിസിയേഷൻ കണക്കാക്കിയതിലെ അപാകങ്ങൾ | 1-27 |
| 28 | തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തുന്നില്ല | 1-28 |
| 29 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. | 1-29 |
| 30 | എ സി ആർ എഴുതി സൂക്ഷിക്കുന്നില്ല. | 1-30 |
| 31 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിലെ തുകയും പാർട്ട് ബില്ലുകൾ നൽകിയ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-31 |
| 32 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-32 |
| 33 | ബജറ്റ് അപാകങ്ങൾ | 1-33 |
| 34 | സാമൂഹ്യ സുരക്ഷാ പെൻഷൻ- അപാകതകൾ | 1-34 |
| 35 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-35 |
| 36 | വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല | 1-36 |
| 37 | നികുതി ഡിമാന്റ് ചെയ്യാതെ കെട്ടിടങ്ങളുടെ വസ്തു നികുതി പിരിച്ചെടുത്തു | 1-37 |
| 38 | നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം അസസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-38 |
| 39 | നികുതി ഇളവ് നല്കിയതിലെ അപാകങ്ങൾ. | 1-39 |
| 40 | റദ്ദാക്കിയ സംഖ്യാ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കിയിട്ടില്ല. | 1-40 |
| 41 | ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ | 1-41 |
| 42 | സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ നാളിതു വരെ പൂർത്തിയിയായിട്ടില്ല. | 1-42 |
| 43 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-43 |
| 44 | തൊഴിൽ നികുതി-മറ്റു അപാകങ്ങൾ. | 1-44 |
| 45 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല | 1-45 |
| 46 | ലൈസൻസ് അപേക്ഷയിൽ മൂലധന നിക്ഷേപ വിവരം ചേർക്കുന്നില്ല | 1-46 |
| 47 | യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ഫീ ഈടാക്കുന്നില്ല | 1-47 |

| | | |
|---|---|---|
| 48 | തനത് ഫണ്ട് നിക്ഷേപത്തിനായി ഒന്നിലധികം അക്കൗണ്ടുകൾ | 1-48 |
| 49 | പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ശ്മശാനത്തിന്റെ നടത്തിപ്പിലുള്ള അപാകതകൾ | 1-49 |
| 50 | മരുന്നുകൾ നാളിതു വരെ ലഭ്യമായില്ല. | 1-50 |
| 51 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ - വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല. | 1-51 |
| 52 | പെർഫോർമൻസ് ബേസ്ഡ് ഇൻസന്റീവ് ഗ്രാന്റ് - തുക ചെലവഴിക്കേണ്ടതാണ്. | 1-52 |
| 53 | പോർക്കളം ഗ്രാമപഞ്ചായത്തിലെ വിവിധ സെന്ററുകളിലേക്ക് മിനിമാസ്റ്റ് സ്ഥാപിക്കൽ -അപാകതകൾ | 1-53 |
| 54 | ക്രിമിറ്റോറിയം എ എം സി - കരാറുകാരന് അധിക തുക അനുവദിച്ചു. | 1-54 |
| 55 | തെരുവു വിളക്ക് എ എം സി - അപാകതകൾ | 1-55 |
| 56 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് വാർഷിക കരാറിലേർപ്പെടൽ - കൃത്യമായ വിവരം സൂക്ഷിക്കുന്നില്ല. | 1-56 |
| 57 | സുലേഖയിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല. | 1-57 |
| 58 | കേരള വാട്ടർ അതോറിറ്റിക്ക് തെരുവു ടാപ്പുകളുടെ കുടിവെള്ളക്കരം അടവാക്കൽ- ഡിമാന്റ് തുക കൂടുതലായി കാണിക്കുന്നു. | 1-58 |
| 59 | ലൈഫ് ഭവന പദ്ധതി - സ്റ്റേജ് റിപ്പോർട്ട്/പരിശോധന റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. | 1-59 |
| 60 | മണ്ണ് -ലേലം നടത്തിയിട്ടില്ല | 1-60 |
| 61 | അമ്പിളി അംഗൻവാടി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-61 |
| 62 | ആശ്രയ - ഭവനം അറ്റകുറ്റപ്പണി തുകപൂർണ്ണമായി ചെലവഴിച്ചിട്ടില്ല | 1-62 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ക്രിമിറ്റോറിയം എ എം സി - കരാറുകാരന് അധിക തുക അനുവദിച്ചു. | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |

| | | |
|---|---|---|
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 18-02-2021 | |
| കമ്മിറ്റി തീരുമാനം | 1 | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 141168200 | 138952200 |
| റിവൈസ്ഡ് ബജറ്റ് | | |
| പാസ്സാക്കിയ തിയതി<br>കമ്മിറ്റി തീരുമാനം | ധനകാര്യ സ്ഥിരം സമിതിയുടെ 03.03.2022 തീയതിയിലെ 3-ാം നമ്പർ തീരുമാനം | |
| കമ്മിറ്റി തീരുമാനം | ഭരണസമിതിയുടെ 14.03.2022 ലെ 10(4) തീരുമാനം | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 141738200 | 143488434 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 27.07.2022 |

### 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 8346352 |
| ഓഡിറ്റ് വർഷത്തെ വരവ് | 63151381 |
| ആകെ | 71497733 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 62286668 |
| നീക്കിയിരിപ്പ് | 9211065 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 8396533 | 8396533 | 8396533 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 6878628 | 6878628 | 6878628 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 13224108 | 13224108 | 10667468 | 2556640 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4878162 | 4878162 | 3512856 | 1365306 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Spill Over (ACR പ്രകാരം) | 0 | 1048815 | 1048815 | 1048815 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied (ACR പ്രകാരം) | 0 | 4934033 | 4934033 | 3805574 | 1128459 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ബേസിക് ഗ്രാന്റ് | 0 | 2777815 | 2777815 | 2747980 | 29835 |

(പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്)

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 149 | 57655277 | 104 | 46970968 | 28 | 17 | 69 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 753946 | 753946 | 753946 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (Revenue) | 0 | 15099309 | 15099309 | 15099309 | 0 |
| Asset Work | 0 | 5480288 | 5480288 | 5480288 | 0 |
| ആകെ | 0 | 21333543 | 21333543 | 21333543 | 0 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-11-2022 തീയതിയിൽ 2.10 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13540/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ക്ഷേമ പെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2291200 | 150 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 13805100 | 908 |
| വാർദ്ധക്യകാല പെൻഷൻ | 22523600 | 1617 |
| വികലാംഗപെൻഷൻ | 2467200 | 170 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1831200 | 121 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 180000 | 6 |

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്. ഖണ്ഡിക 1-54 ൽ പരാമർശിക്കുന്ന ഫണ്ട് വക മാറ്റി ചെലവഴിക്കുന്ന പ്രവണതയിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 26/10/2022 മുതൽ 28/10/2022 വരെ | 2022 ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ | ഇല്ല | ഇല്ല | ഇല്ല |

## 1-11 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)

(ഓഡിറ്റ് എൻക്വയറി 11/17.11.22 , മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-12 വസ്തുനികുതി(റെസിഡെൻഷ്യൽ തൻവർഷം)-ഡിസിബി പത്രിക, വാർഷികകണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ | ബാക്കി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | ക്രമീകരിച്ചത് | |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1635039 | 1633306 | 10636 | 3005 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1635039 | 1621398 | 10636 | 3006 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *( /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.
(ഓഡിറ്റ് എൻക്വയറി 11/17.11.22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-13 വസ്തുനികുതി-നോൺറെസിഡൻഷ്യൽ(തൻവർഷം )-ഡിസിബി പത്രിക, വാർഷികകണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല

നോൺ റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1286160 | 1271886 | 15153 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1286160 | 1271007 | 15153 | 0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

വ

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.
(ഓഡിറ്റ് എൻക്വയറി 11/17.11.22 , മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-14 വസ്തു നികുതി-റെസിഡൻഷ്യൽ(കുടിശ്ശിക )-ഡിസിബി പത്രിക ,വാർഷികകണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" | 14810 | 2098 | 13095 |

| | | | |
|---|---|---|---|
| സോഫ്റ്റ്‌വെയർ പ്രകാരം | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 15234 | 1715 | 13016 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി 11/17.11.22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-15 വസ്തു നികുതി-സർവ്വീസ് സെസ് റെസിഡൻഷ്യൽ(തൻവർഷം + കുടിശ്ശിക )-ഡിസിബി പത്രിക ,വാർഷികകണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല

സർവ്വീസ് സെസ് (തൻവർഷം-റെസിഡൻഷ്യൽ)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 158907 | 158756 | 1009 | 301 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 158907 | 157597 | 1009 | 301 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410105- Advance Collectioncollection Of Revenues- Service Cess On Residential Buildings-ന്റെ ലെഡ്ജർ) | |

സർവ്വീസ് സെസ് (കുടിശ്ശിക- റെസിഡൻഷ്യൽ)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1919 | 210 | 0 | 1881 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1527 | 38 | - | 1881 |
| | (2020-21 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | | |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക

സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി 11/17.11.22 , മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-16 വസ്തു നികുതി-സർവ്വീസ് സെസ് നോൺ റെസിഡൻഷ്യൽ(തൻവർഷം)-ഡിസിബി പത്രിക ,വാർഷികകണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല

സർവ്വീസ് സെസ് (തൻവർഷം- നോൺ റെസിഡൻഷ്യൽ)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 128760 | 127323 | 1521 | 0 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 128760 | 127239 | `1521 | 0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410106-Advance Collection Of Revenues-Service Cess On Non Residential Buildings ന്റെ ലെഡ്ജർ) | |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി 11/17.11.22 , മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-17 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)-ഡിസിബി പത്രികയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് ( തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 83735 | 660 | 84395 | 83510 | 105 | 83615 | 656 | - | 151 | 572 | 723 |
| | നോൺ-റെസിഡൻഷ്യൽ | 64633 | 1058 | 65691 | 63908 | 1058 | 64966 | 765 | - | 0 | 0 | 0 |
| | ആകെ | | | 150086 | | | 148581 | 1421 | | | 723 | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | | 150193 | | | 149150 | | | 149363 | | 723 | |
| | | | 5107+327030 =(2020-21ലെ | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ | | | (431910101 -State Govt . | | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | |

| | | | | | |
|---|---|---|---|---|---|
| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2021-22) | ആർ.പി-36(വരവ്) | | Cess/levies...... ലെഡ്ജർ 2020-21) | |

1. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 149150 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 147418 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ തുകയല്ല മറിച്ച് 149363 രൂപയാണ്(വൌച്ചർ 42100249 തീ 31.3.22 (88+64633+83584+1058=149363).

3. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 16823 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 801 ആണ്. എന്നാൽ ഈ ശീർഷകത്തിൽ 723 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

4. ഡിമാന്റ് , കളക്ഷൻ, മുൻകൂർ ക്രമീകരിച്ചത് എന്നിവ വാർഷികകണക്കും ഡിസിബിയുമായി പൊരുത്തപ്പെടുന്നില്ല.
(ഓഡിറ്റ് എൻക്വയറി 11/17.11.22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-18 വസ്തുനികുതി മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക-ഡിസിബി പത്രികയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 286547 | 298921 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 78044 | 78513 |

(ഓഡിറ്റ് എൻക്വയറി 11/17.11.22 , മറുപടി ലഭ്യമാക്കിയിട്ടില്ല)

### 1-19 വസ്തുനികുതി-സമയബന്ധിതമായ ഡിമാന്റ് എൻട്രി ഇല്ല

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) . പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ പോർക്കുളം ഗ്രാമപഞ്ചായത്തിൽ 135 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ "110100101-Property Tax On Residential Buiding" എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും , ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 11/17.11.22, മറുപടി ലഭ്യമാക്കിയിട്ടില്ല)

### 1-20 വരവ് രജിസ്റ്ററുകൾ- വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

3.1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

3.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3.3 ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

3.4 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

3.5 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

3.a തൊഴിൽ നികുതി ട്രേഡേഴ്സ് വാർഷിക കണക്ക് പ്രകാരം കളക്ഷൻ 413950 രൂപയാണ്. എന്നാൽ രജിസ്റ്ററിലെ സാക്ഷ്യപ്പെടുത്തിയ ഡിസിബി പ്രകാരം പ്രസ്തുത ഇനത്തിലെ കളക്ഷൻ 768190 രൂപയാണ്.

(ഓഡിറ്റ് എൻക്വയറി 11/17.11.22 , മറുപടി ലഭ്യമാക്കിയിട്ടില്ല)

### 1-21 മുൻകൂർ ലഭിച്ച തുകകൾ-ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2022 ലെ മുൻകൂർ |
|---|---|---|---|

| | | | തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 153540 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 65700 |

(ഓഡിറ്റ് എൻക്വയറി 11/17.11.22 , മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-22 സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്.എന്നാൽ നികുതി , നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി , സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 , കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി 11/17.11.22 , മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-23 “280000000-Prior Period Item”-വൌച്ചറുകൾ അനുബന്ധ രേഖകൾ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും , വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2022 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101 -Prior Period Income-Property Tax On Residential Bulidings | 419 |
| 280100102-Prior Period Income – Profession Tax-Institutions/Professionals/Traders | (1350) |
| 280100105 -Prior Period Income-Service Cess On Residential Buildings | (392) |
| 280800401 – Prior Period - Interest And Finance Charges | (57679) |
| 280800701 – Prior Period – Miscellaneous Expenses | (566683) |

(ഓഡിറ്റ് എൻക്വയറി 11/17.11.22 , മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-24 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ -ആധികാരിക രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 11/17.11.22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-25 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 864713 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6114375 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.
(ഓഡിറ്റ് എൻക്വയറി 11/17.11.22 , മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-26 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

വാർഷിക കണക്ക് പ്രകാരമുള്ള ആസ്തിമൂല്യം 29786719 രൂപയാണ്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

(ഓഡിറ്റ് എൻക്വയറി 11/17.11.22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-27 ഡിപ്രിസിയേഷൻ കണക്കാക്കിയതിലെ അപാകങ്ങൾ

1. 31/3/2022 ലെ ബാലൻസ്ഷീറ്റ് പ്രകാരം 410800101-Other Fixed Assets. എന്ന ആസ്തികൾക്ക് 1002736 രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2022 ലെ Accumalated Depreciation 1094926 രൂപയാണ്. കൂടാതെ 410710101-Movable Assets - Plant, Machinery& Tools എന്ന ആസ്തികൾക്ക് 538707 രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2022 ലെ Accumalated Depreciation 659319 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2020-21 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ പ്രകാരം 9 ആസ്തികളുടെ തേയ്മാനം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുന്ന താഴെ ചേർത്തിരിക്കുന്ന ആസ്തികൾക്ക് (Land ഒഴികെ) ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടില്ല.

| ക്ര.ന | ആസ്തി -ശീർഷകം | 31/3/2022 ലെ മൂല്യം |
|---|---|---|
| 1 | 410710199 - Movable Asset - Others | 1808010 |

(ഓഡിറ്റ് എൻക്വയറി 11/17.11.22 , മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-28 തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തുന്നില്ല

തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

| ഇനം | ക്യാഷ് ബുക്ക് പ്രകാരം | വാർഷിക കണക്ക് പ്രകാരം |
|---|---|---|
| ഒ ബി | 0.42 | 0 |
| സി ബി | 52.42 | 0 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 11/17.11.22) നൽകിയ മറുപടിയിൽ 52.42 രൂപ തൻ വർഷം വരവ് വെക്കാൻ വിട്ടു പോയതാണെന്നും 2022-23 വർഷത്തെ വരവിൽ ഉൾപ്പെടുത്തിയുള്ളതായും അറിയിച്ചിട്ടുണ്ട്. തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു.

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ "460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്കു മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രോജക്റ്റ് | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | 174/22 വിവിധ വികസന പ്രവർത്തനങ്ങൾക്കായി ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22101238/ 24.2.2022 | 20124 | 252100101 – Energy - Electrification Of Street Lights-General | 460500202- Advance To Implementing Agencies-Deposit With Kerala Electricity Board |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 11/17.11.22) നൽകിയ മറുപടിയിൽ അടിയന്തിര സാഹചര്യമായതിനാൽ കെ എസ് ഇ ബി യിൽ നിന്ന് എസ്റ്റിമേറ്റ് വാങ്ങി നേരിട്ട് പണം അടവാക്കി പ്രവർത്തി പൂർത്തീകരിച്ചതിനാലാണ് മുൻകൂർ ശീർഷകത്തിൽ ഉൾപെടുത്താതിരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. മുൻകൂർ ആയി പണം നൽകുമ്പോൾ ശരിയായ ശീർഷകത്തിൽ തന്നെ രേഖപ്പെടുത്തൽ വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 എ സി ആർ എഴുതി സൂക്ഷിക്കുന്നില്ല.

Rp-7 പ്രകാരമുള്ള 160100501, 160100717, 160100799, 160300101, 160300102, പ്രകാരമുള്ള വരവുകളും, Rp-31 പ്രകാരമുള്ള വരവുകൾ പരിശോധിയ്ക്കാൻ ആവശ്യമായ സ്പെസിഫിക് എ.സി.ആർ സ്ഥാപനത്തിൽ എഴുതി സൂക്ഷിക്കാത്തതിനാൽ ആയവയുടെ വരവ്, ചെലവ്, ബാലൻസ് പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ല. ACR ആധികാരികമായി തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 11/17.11.22 , മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-31 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിലെ തുകയും പാർട്ട് ബില്ലുകൾ നൽകിയ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

31/3/2022 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക '0' രൂപയാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/22 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2022 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 113276 രൂപയാണ്.

(ഓഡിറ്റ് എൻക്വയറി 11/17.11.22 , മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-32 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ഡെവലപ്മെൻറ് ഫണ്ട് – എസ്.സി.പി വാർഷികകണക്ക് പ്രകാരമുള്ള വരവ് -ചെലവ് 6355000 രൂപയും എന്നാൽ അപ്രോപ്രിയേഷൻ പ്രകാരം ഇത് 6878628 രൂപയുമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 11/17.11.22) നൽകിയ മറുപടിയിൽ 31.3.2022 തീയതിയിൽ സർക്കാർ ഉത്തരവ് GO(Rt)No.2617/22/Fin Dt 31.3.2022 പ്രകാരം 532628/-രൂപ ലഭ്യമായെങ്കിലും പ്രസ്തുത തുകയ്ക്ക് തയ്യാറാക്കി നൽകിയ ബിൽ സ്വീകരിക്കാൻ ട്രഷറി വിസമ്മതിച്ചതിനാൽ ബിൽ മാറാൻ സാധിച്ചില്ല എന്നും ആയതിനാലാണ് മേൽ പരാമർശിച്ച വ്യത്യാസം വന്നതെന്ന് അറിയിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ചെലവാക്കാത്ത തുക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ നിന്നും ക്യാൻസൽ ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 ബജറ്റ് അപാകങ്ങൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72, 73, 74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൻ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 214(5)-ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ഒരു ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഉചിതമായ ബജറ്റ് വകയിരുത്തിയിട്ടില്ലെങ്കിൽ ഒരു ചെലവും അനുവദനീയമല്ല. ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൗണ്ടന്റിനുമായിരിക്കും. ചെലവിന് ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവ് അല്ലെങ്കിൽ വർക്ക് ഓർഡർ നൽകികൊണ്ട് ഒരു ചെലവും ഏറ്റെടുക്കാൻ പാടില്ലാത്തതാണ്. ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവോ വർക്ക് ഓർഡറോ സെക്രട്ടറി പുറപ്പെടുവിക്കാൻ പാടില്ല. ചെലവ് ചെയ്യുകയാണങ്കിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ വഴി ആവശ്യമായ തുക ബജറ്റിൽ വകയിരുത്തേണ്ടതാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ/ വകയിരുത്താതെ തുക ചെലവഴിക്കേണ്ടി വന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് കോഡ് | ശീർഷകം | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | വാർഷിക കണക്ക് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2501004 | Agriculture And Related Sectors -Animal Husbandry | 0 | .90000 |
| 2 | 2501033 | Animal Husbandry - Buffallo | 0 | 35000 |
| 3 | 2511011 | Continuing Education And Non-formal Education | 0 | 25900. |
| 4 | 2511013 | Education-Related Activities | 300000 | 304300 |
| 5 | 2512008 | Drinking Water | 615600 | 104499.0(915340+129650) |
| 6 | 2512026 | Sanitation & Waste Management - Public | 200000 | 200400.. |
| 7 | 2513006 | Programs For Physically/ | 700000 | 816500(585900+230600) |

| | | | | |
|---|---|---|---|---|
| | | Mentally Challenged | | |
| 8 | 2514101 | Anganwadi Nutrition | 2200000 | 2431644 |
| 9 | 2522004 | Culverts And Causeways | 500000 | 2080258 |
| 10 | 252007 | Vehicles | 0 | 392016 |
| 11 | 2523001 | Public Buildings | 0 | 1577975 |
| 12 | 2531009 | Computerisation Of Panchayats | 50000 | 56943 |
| 13 | 2551001 | Maintenance Projects - Road Assets | 5000000 | ..8218181(4094295+4123886) |
| 14 | 2552017 | Maintenance Projects - Non Road Assets-Other Transferred Assets - Maintenance Of Assets - | 0 | 27050 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/ 17.11.22 ന മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് യഥാസമയം പുതുക്കുന്നതിനും ധനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-34 സാമൂഹ്യ സുരക്ഷാ പെൻഷൻ- അപാകതകൾ

പോർക്കുളം ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021-22 സാമ്പത്തിക വർഷത്തിലെ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. (ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു).

| നം | പേര് | മരണപ്പെട്ട തീയതി | പെൻഷൻ ഐ ഡി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | പ്രഭാകരൻ | 3.8.2021 | 107240400094 | ആക്ടീവ് |
| 2 | ശോഭന പി എ | 4.9.2021 | 107240201676 | ആക്ടീവ് |
| 3 | കുഞ്ഞിമ്മു | 3.7.2021 | 107240100349 | ആക്ടീവ് |
| 4 | പീറ്റർ ടി കെ | 11.12.2021 | 107240201689 | ആക്ടീവ് |
| 5 | ഹരിദാസൻ കെ എ | 4.12.2021 | 1072402015sword 64 | ആക്ടീവ് |
| 6 | പാറുക്കുട്ടി സി കെ | 5.2.2022 | 107240200213 | ആക്ടീവ് |
| 7 | കാർത്ത്യായനി കെ കെ | 17.3.2022 | 107240200897 | ആക്ടീവ് |

2.മരണശേഷവും പെൻഷൻ നൽകി

എ) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021-22 സാമ്പത്തിക വർഷത്തിലെ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ / തീയതി | നിലവിലെ സ്റ്റാറ്റസ്. | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാലയളവ് | തുക | ആകെ | |
| 1 | പ്രഭാകരൻ | 107240400094 | ഡിസബിലിറ്റി പെൻഷൻ -ശാരീരികം | 3.8.2021 | 59/2021 11.8.2021 | ആക്റ്റീവ് | 9/21 – 11/21 | 1600 | 4800 | 4800 |
| 2 | ശോഭന പി എ | 107240201676 | വാർദ്ധക്യകാല പെൻഷൻ | 4.9.2021 | 67/2021 8.9.2021 | ആക്റ്റീവ് | 10/21 – 9/22 | 1600 | 19200 | 19200 |
| 3 | കുഞ്ഞിമ്മു | 107240100349 | കർഷക തൊഴിലാളി പെൻഷൻ | 3.7.2021 | 75/2021 6.10.2021 | .ആക്റ്റീവ് | 8/21 – 9/22 | 1600 | 22400 | 22400 |
| 4 | മുഹമ്മദ് കുട്ടി | 107240200211 | വാർദ്ധക്യകാല പെൻഷൻ | 18.9.2021 | 82/2021 20.10.2021 | സസ്പെൻഡ് | 10/21 | 1600 | 1600 | 1600 |
| 5 | കെ സി മാത്തിരി | 107240200156 | വാർദ്ധക്യകാല പെൻഷൻ | 27.10.2021 | 92/2021 18.11.2021 | സ.സ്പെൻഡ് | 11/21 | 1600 | 1600 | 1600 |
| 6 | പീറ്റർ ടി കെ | 107240201689 | വാർദ്ധക്യകാല പെൻഷൻ | 11.12.2021 | 101/2021 23.12.2021 | ആക്റ്റീവ് | 1/22 – 6/22 | 1600 | 9600 | 9600 |
| 7 | ഹരിദാസൻ കെ എ | 107240201564 | വാർദ്ധക്യകാല പെൻഷൻ | 4.12.2021 | 102/21 23.12.2021 | ആക്റ്റീവ് | 1/22 | 1600 | 1600 | 1600 |
| 8 | പാറുക്കുട്ടി സി കെ | 107240200213 | വാർദ്ധക്യ കാല പെൻഷൻ | 5.2.2022 | 14/2022 11.2.2022 | ആക്റ്റീവ് | 3/22 – 4/22 | 1600 | 3200 | 3200 |
| 9 | കാർത്ത്യായനി കെ കെ | 107240200897 | വാർദ്ധക്യ കാല പെൻഷൻ | 17.3.2022 | 32/2022 25.3.2022 | ആക്റ്റീവ് | 4/22 – 9/22 | 1600 | 9600 | 9600 |
| | | | | | | | | | ആകെ അധികം നൽകിയ തുക | 73600 |

ബി) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021-22 സാമ്പത്തിക വർഷത്തിലെ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ പോർക്കളം പഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മറ്റു പ്രാദേശിക സർക്കാർ/ക്ഷേമനിധി ബോർഡ് മുഖേന മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ / തീയതി | നിലവിലെ സ്റ്റാറ്റസ് | പ്രാദേശിക സർക്കാർ/ ക്ഷേമനിധി ബോർഡ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാലയളവ് | തുക | ആകെ | |
| 1 | കെ. ടി ജോർജ് | 2220268245 | ക്ഷേമനിധി ബോർഡ് | 24.3.2021 | 19/2021 19.4.2021 | ആക്റ്റീവ് | Agriculture Office | 4/21 – | 1600 | 28800 | 28800 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | | | | Porkulam | 9/22 | | | |
| 2 | മൊയ്തീൻകുട്ടി സി സി | 2220367796 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 18.8.2021 | 62/2021 25.8.2021 | ആക്ടീവ് | Agriculture Office Porkulam | 9/21 – 9/22 | 1600 | 20800 | 20800 |
| 3 | കെ സി രാഘവൻ | 2220268284 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 16.1.2022 | 10/2022 1.2.2022 | ആക്ടീവ് | Agriculture Office Porkulam | 2/22 – 9/22 | 1600 | 12800 | 12800 |
| 4 | ഫ്രാൻസിസ് | 101990200294 | വാർദ്ധക്യ കാല പെൻഷൻ | 13.7.2021 | 52/2021 22.7.2021 | ആക്ടീവ് | ഗുരുവായൂർ നഗരസഭ | 8/21 – 9/22 | 1600 | 22400 | 22400 |
| 5 | മേരി ചേറപ്പൻ | 107230600735 | വിധവ പെൻഷൻ | 29.8.2021 | 65/2021 6.9.20.21 | സസ് പെൻഡ് | കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്ത് | 9/21 – 10/21 | 1600 | 3200 | 3200 |
| 6 | രാഗിണി ഗോപാലകൃഷ്ണൻ | 107260600043 | വിധവ പെൻഷൻ | 21.10.2021 | 90/2021 28.10.2021 | ആക്ടീവ് | എരുമപ്പെട്ടി ഗ്രാമ പഞ്ചായത്ത് | 11/21 – 9/22 | 1600 | 17600 | 17600 |
| 7 | ജോളി രാജു | 107210201800 | വാർദ്ധക്യ കാല പെൻഷൻ | 8.3.2022 | 33/2022 25.3.2022 | ആക്ടീവ് | കടവല്ലൂർ ഗ്രാമ പഞ്ചായത്ത് | 4/22 – 9/22 | 1600 | 9600 | 9600 |
| ആകെ അധികം നൽകിയ തുക | | | | | | | | | | | 115200 |

3. <u>സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റി.</u>

സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവരിൽ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളവരുടെ വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടറുടെ PAN/2566/2020-DBT1(DP) തീ: 4.3.2021. കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ പോർക്കുളം ഗ്രാമപഞ്ചായത്തിലെ മണി വർഗീസ് (പെൻഷൻ ഐഡി: 107240100363) അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയതായി അറിയിച്ചിട്ടുണ്ട്.

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. പോർക്കുളം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/17.11.22) നൽകിയ മറുപടിയിൽ മരണപ്പെട്ട ഗുണഭോക്താക്കളെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും അധിക തുക കൈപറ്റിയവരിൽ നിന്ന് ആയത് തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ പോർക്കുളം പഞ്ചായത്തിൽ താമസക്കാരായതും മറ്റ് പ്രാദേശിക സർക്കാർ/ക്ഷേമനിധി ബോർഡ് മുഖേന പെൻഷൻ വാങ്ങുന്നതുമായ ഗുണഭോക്താക്കളുടെ മരണശേഷം പെൻഷൻ റദ്ദ

ചെയ്യുന്നതിനായി അതാതു സ്ഥാപനങ്ങളിലേക്ക് അറിയിപ്പ് നൽകുന്നതിന് പ്രത്യേക നിർദ്ദേശമൊന്നും ലഭിക്കാത്തതിനാലാണ് അറിയിപ്പ് നല്കാത്തതെന്നും തുടർന്ന് ഇക്കാര്യം ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ശ്രീമതി മണി വർഗീസ് (പെൻഷൻ ഐ.ഡി: 107240100363) എന്നിവർ അധികമായി കൈപ്പറ്റിയ കർഷകപെൻഷൻ തുകയായ 62800/- രൂപ തവണകളായി അടവാക്കാൻ അനുവദിക്കണമെന്നുള്ള അവരുടെ അപേക്ഷ പോർക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.8.2022 ലെ 400674/SADC02/GPO/2022/1662/(1) നമ്പർ കത്ത് മുഖേന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.

സർക്കാരിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്.)നം.97/2020/ധന ഉത്തരവ് ഖണ്ഡിക സി(12) പ്രകാരം മരണപെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അംഗനവാടി /ആശാ വർക്കർമാർ മുഖാന്തരം ശേഖരിച്ച് അതാതു മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പോർക്കുളം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പററുന്നവരുമായവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതും അനർഹമായി നൽകിയ 73600 /- രൂപ എത്രയും വേഗം തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ പഞ്ചായത്തിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതു സംബന്ധിച്ചും ശ്രീമതി മണി വർഗീസ് എന്നവരുടെ ഫയലിന്മേലുള്ള തുടർനടപടി സംബന്ധിച്ചുമുള്ള റിപ്പോർട്ടുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-35 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1) രസീത് ബുക്കിലെ രസീതുകൾ റദ്ദാക്കുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

ഉദാഹരണം- 63161 രസീത് ബുക്കിലെ 4, 5 നമ്പർ രസീതുകൾ, 63152 രസീത് ബുക്കിലെ 46 മുതൽ 100 വരെയുള്ള രസീതുകൾ, 63151 നമ്പർ രസീത് ബുക്കിലെ 7 മുതൽ 100 വരെയുള്ള രസീതുകൾ.

2) രസീതുകൾ എഴുതുമ്പോൾ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കുന്നില്ല.

ഉദാഹരണം- കൃഷി ഓഫീസർക്ക് ഇഷ്യൂ ചെയ്തിട്ടുള്ള 63152 നമ്പർ രസീത് ബുക്ക്

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 02/09.11.2022നുള്ള മറുപടിയിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-36 വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവര ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം (ച : മീ ) |
|---|---|---|---|---|
| 1 | 13/353 | രവിദാസ് | പാർപ്പിടം | 63 |
| 2 | 2/ 268 | ഗ്രേസി | പാർപ്പിടം | 66 |
| 3 | 3/101 | മീനാക്ഷി | പാർപ്പിടം | 66 |
| 4 | 3/279 | പുഷ്പരഞ്ജിനി | പാർപ്പിടം | 164 |
| 5 | 11/359 | കോരൻ മണിയൻ | പാർപ്പിടം | 152.4 |
| 6 | 11/317 | ദിലീപ് കുമാർ,സുചിത്ര | പാർപ്പിടം | 70 |
| 7 | 10/218 | അപ്പട്ടി | പാർപ്പിടം | 62 |
| 8 | 10/107 | ജേക്കബ് | പാർപ്പിടം | 100 |

| | | | | |
|---|---|---|---|---|
| 9 | 5/325 | പ്രഭാകരൻ | പാർപ്പിടം | 138 |
| 10 | 5/257 A | ജോയ്,ശോഭ | പാർപ്പിടം | 70 |
| 11 | 5/89 | ഹരികുമാർ | പാർപ്പിടം | 170 |
| 12 | 9/220 | സുശീല | പാർപ്പിടം | 71 |
| 13 | 9/57 | കറുമ്പ | പാർപ്പിടം | 97 |
| 14 | 6/375 | ഫാത്തിമ | പാർപ്പിടം | 70 |
| 15 | 6/24 | ജെസ്സി | പാർപ്പിടം | 68 |
| 16 | 6/2 | കോരൻ അപ്പുണ്ണി | പാർപ്പിടം | 70 |
| 17 | 8/334 | നിഷാദ് | പാർപ്പിടം | 100 |
| 18 | 8/118 | ഗോപാലൻ നായർ | പാർപ്പിടം | 70 |
| 19 | 8/26 | രത്നകുമാർ | പാർപ്പിടം | 90 |
| 20 | 7/313 A | ഇന്ദിര | പാർപ്പിടം | 82 |
| 21 | 7/230 | കുഞ്ഞുമോൻ | പാർപ്പിടം | 100 |
| 22 | 7/111 | കുഞ്ഞാറം | പാർപ്പിടം | 90 |
| 23 | 7/29 | രാധാകൃഷ്ണൻ | പാർപ്പിടം | 90 |

മേൽവിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/17.10.2022)മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-37 നികുതി ഡിമാന്റ് ചെയ്യാതെ കെട്ടിടങ്ങളുടെ വസ്തു നികുതി പിരിച്ചെടുത്തു

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ് എന്ന് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം വ്യക്താമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകൾ പരിശോധിച്ചതിൽ മേൽ ചട്ടങ്ങൾ പ്രകാരം നികുതി നിർണയം നടത്തിയ കെട്ടിടങ്ങളിൽ നിന്നും 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 13, 14 എന്നിവ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാതെ വസ്തു നികുതി പിരിച്ചെടുത്തിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യാതെ നികുതി പരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നില നിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്(ഡിമാന്റ് തുക 0). ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം (ച : മീ ) | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|---|
| 1 | 7/29 | കണ്ണത്തു രാധാകൃഷ്ണൻ | പാർപ്പിടം | 90 | 870 |
| 2 | 8/334 | വാസു മകൻ നിഷാദ് | പാർപ്പിടം | 100 | 966 |
| 3 | 6/2 | ഞാലിൽ വളപ്പിൽ കോരൻ അപ്പുണ്ണി | പാർപ്പിടം | 70 | 244 |
| 4 | 6/375 | കോട്ടോൽവളപ്പിൽ അബ്ദുൾ റഹിമാൻ ഭാര്യ ഫാത്തിമ | പാർപ്പിടം | 70 | 1166 |
| 5 | 9/220 | കരുമത്തിൽ രാജൻ ഭാര്യ സുശീല | പാർപ്പിടം | 71 | 540 |

| | | | | | |
|---|---|---|---|---|---|
| 6 | 10/107 | പുലിക്കോട്ടിൽ മത്തായി മകൻ ജേക്കബ് | പാർപ്പിടം | 100 | 1405 |
| 7 | 10/218 | കൊള്ളൻ പറമ്പിൽ ചങ്ങൻ മകൻ അപ്പുട്ടി | പാർപ്പിടം | 62 | 387 |
| 8 | 3/279 | കോട്ടശ്ശേരിവീട്ടിൽ ശ്രീരാമൻ ഭാര്യ പുഷ്പാർജ്ജിനി | പാർപ്പിടം | 164 | 1225 |
| 9 | 3/101 | പുലിക്കോട്ടിൽ താമി ബാലൻ ഭാര്യ മീനാക്ഷി | പാർപ്പിടം | 66 | 1600 |
| 10 | 13/353 | കളത്തിൽ ചക്കൻ മകൻ രവിദാസ് | പാർപ്പിടം | 63 | 700 |

മേൽവിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/17.10.2022)മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ പരിശോധിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-38 നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം വസ്തു നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം ഫാറം 4 പ്രകാരമുള്ള നികുതി നിർണയ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ 2,6,10 എന്നീ വാർഡുലെ കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന നമ്പരുകളുലെ കെട്ടിടങ്ങളുടെ വിവരം സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| Ward 2 | | | Ward 6 | | | Ward 10 | | |
|---|---|---|---|---|---|---|---|---|
| Missing From | Missing To | Missing Total | Missing From | Missing To | Missing Total | Missing From | Missing To | Missing Total |
| 52 | 52 | 1 | 21 | 21 | 1 | 48 | 48 | 1 |
| 145 | 145 | 1 | 119 | 119 | 1 | 87 | 87 | 1 |
| 333 | 333 | 1 | 141 | 141 | 1 | 141 | 141 | 1 |
| 395 | 333332 | 332938 | 144 | 144 | 1 | 169 | 169 | 1 |
| Total | | 332941 | 157 | 157 | 1 | 205 | 205 | 1 |
| | | | 166 | 170 | 5 | 224 | 224 | 1 |
| | | | 208 | 208 | 1 | 290 | 290 | 1 |
| | | | 285 | 285 | 1 | 357 | 111110 | 110754 |
| | | | 311 | 311 | 1 | Total | | 110761 |
| | | | 344 | 344 | 1 | | | |
| | | | 366 | 366 | 1 | | | |
| | | | 372 | 372 | 1 | | | |
| | | | 376 | 380 | 5 | | | |
| | | | Total | | 21 | | | |

മേൽവിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/17.10.2022)മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ

പരിശോധിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-39 നികുതി ഇളവ് നല്കിയതിലെ അപാകങ്ങൾ.

പോർക്കളം ഗ്രാമപഞ്ചായത്തിൽ വസ്തു നികുതിയിനത്തിൽ ഇളവ് നൽകിയതിൽ വിവിധ അപാകങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം, വകുപ്പ് 207(ഐ) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹത്തിന് വസ്തു നികുതിയിൽ നിന്നും ഇളവ് നൽകിയിട്ടുണ്ട്. താഴെപ്പറയുന്ന കെട്ടിടങ്ങളെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം (ച : മീ ) |
|---|---|---|---|---|
| 1 | 2/384 | മഠത്തിലാത്തു കാളിയമ്മ മകൻ രാധാകൃഷ്ണൻ | പാർപ്പിടം | 72 |
| 2 | 2/377 | കുറുമ്പൂര് കറപ്പൻ ബാലൻ | പാർപ്പിടം | 70 |
| 3 | 3/57 | പാവുണ്ണി മകൻ റ്റെയിൻസ് | പാർപ്പിടം | 66 |
| 4 | 9/289 | സന്തോഷും ഭാര്യ സുനിതയും | പാർപ്പിടം | 124 |

2. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ വിവിധ കെട്ടിടങ്ങൾക്ക് തെറ്റായ നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | സഞ്ചയയിലെ ഇളവ് |
|---|---|---|---|---|
| 1 | 12/193 | പെരുമ്പായ ചങ്ങൻ കുഞ്ഞുമോൻ | പാർപ്പിടാവശ്യം | സർക്കാരോ അർദ്ധ സർക്കാർ സ്ഥാപനങ്ങളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ സൌജന്യമായി നിർമ്മിച്ചുകൊടുത്ത വാസഗൃഹം (സെ. 207 (1 (ജെ) ) |

മേൽവിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/17.10.2022)മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിൽ നികുതി ഇളവ് നൽകിയ എല്ലാ കെട്ടിടങ്ങളുടെയും വിവരങ്ങൾ പരിശോധിക്കേണ്ടതും അനർഹമായി ഇളവ് നൽകിയിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഇത സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിയോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-40 റദ്ദാക്കിയ സംഖ്യാ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കിയിട്ടില്ല.

സാംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമ | റസീറ്റ് നമ്പർ/തീയതി | തുക | കളക്ഷൻ വർഷം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 4/126 | ആണ്ടിയത്ത് കുഞ്ഞിപ്പ മകൻ അബ്ദുൾ ലത്തീഫും ടിയാൻ ഭാര്യ ആമിനക്കുട്ടിയും | 121050104557 / 21.3.22 | 530 | 2021 | സഞ്ചയ പ്രകാരം നികുതി കുടിശ്ശിക ഇല്ല.എന്നാൽ 2022-23 വർഷത്തിൽ നികുതി ഒന്നും അടവാക്കിയിട്ടില്ല.2021-22 വർഷത്തിൽ ക്യാൻസൽ ചെയ്ത രസീത് മുഖേനയും മറ്റൊരു രസീത് മുഖേനയുമായി 2 തവണ നികുതി അടവാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.ക്യാൻസൽ ചെയ്ത രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ 2022-23 ലെ തുക അടവാക്കിയിട്ടില്ലെങ്കിലും ആയത് സഞ്ചയയിൽ പ്രതിഫലിക്കുന്നില്ല. |

മേൽവിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/17.10.2022)മറുപടി ലഭ്യമാക്കിയില്ല. ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ നിന്നും ഒഴിവാക്കാതെ ഇരിക്കുന്നത് ഗുരുതരമായ പിഴവ് ആണ്. ഇത് പഞ്ചായത്തിന് ലഭിക്കാത്ത വരുമാനം ലഭിച്ചതായി രേഖപ്പെടുത്തൽ വരാൻ കാരണമാകുന്നു. റദ്ദാക്കിയ സാംഖ്യ രസീതുകൾ സഞ്ചയയിൽ നിന്ന് നീക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പ്രസ്തുത രസീത് മുഖേനയുള്ള വരുമാനം പഞ്ചായത്തിന് ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-41 ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21(2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടതാണ്. എന്നാൽ മേൽ ചട്ടം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ച നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട നം | കെട്ടിട ഉടമ | ഫയൽ നം/അപേക്ഷ തീയതി | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|
| 1 | 2/367 | വെളുത്താട്ടിൽ മുഹമ്മദ് അബൂബക്കർ | C1/1747 17.6.2021 | 1.4.2021-30.9.2021 |
| 2 | 2/367 | വെളുത്താട്ടിൽ മുഹമ്മദ് അബൂബക്കർ | C1/3909 18.10.2021 | 1.10.2021-31.3.2022 |
| 3 | 5/387 A,B | ധനഞ്ജയ കുമാർ | C3/1969/2021 21.4.2021 | 1.4.2021-30.9.2021 |
| 4 | 7/225,226 | അബ്ദുൽ റഷീദ് ഭാര്യ | C1/1928 17.6.2021 | 1.4.2021-30.9.2021 |

| | | | | |
|---|---|---|---|---|
| | | ററംല | | |
| 5 | 7/359 A | മോഹന ചന്ദ്രൻ & ശാരദ മേനോൻ | B1/1784 17.6.2021 | 1.4.2021-30.9.2021 |

മേൽവിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/17.10.2022)മറുപടി ലഭ്യമാക്കിയില്ല. ചട്ടപ്രകാരം അർഹമായ വസ്തുനികുതി കണക്കാക്കി ഈടാക്കാൻ നടപടി ഉണ്ടാകേണ്ടതാണ്. കൂടാതെ നികുതി ഇളവ് അനുവദിക്കുമ്പോൾ ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-42 സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ നാളിതു വരെ പൂർത്തിയിയായിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. സഞ്ചയ പ്രകാരം 3 സ്ഥാപനങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | നിലവിലെ സ്ഥിതി |
|---|---|---|
| 1 | 9/42 C | വെരിഫിക്കേഷന് അയച്ചു |
| 2 | 9/316 | വെരിഫിക്കേഷന് അയച്ചു |
| 3 | 9/50 | ഓപ്പറേറ്റർ ഡാറ്റ എൻടി തുടങ്ങി |

മേൽവിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/17.10.2022)മറുപടി ലഭ്യമാക്കിയില്ല. ഡാറ്റ പ്യൂരിഫിക്കേഷൻ എത്രയും പെട്ടെന്ന് പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-43 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ലഭ്യമാക്കിയ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പ്രകാരം താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ബി ടി നമ്പൂതീരീസ് ഹരിത അഗ്രി ടെക് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | അക്കര ചിൽഡ്രൻ ക്ലിനിക് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | എക്സൽ പോളിമേഴ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 4 | ബി ആർ ഡി കാർ വേൾഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 5 | തെങ്ങുമ്മൽ ഇൻഡസ്ട്രീസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 6 | ഇൻഡൽ ഓട്ടോമോട്ടീവ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 7 | ഇന്ത്യൻ കോഫി ഹൗസ് അക്കികാവ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 8 | സി എസ് ബി ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 9 | പോർക്കുളം സർവീസ് സഹകരണ ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 10 | അക്ഷയ പെട്രോളിയം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 11 | അനല ഫാർമസ്യൂട്ടിക്കൽസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 12 | എം സി പി മോട്ടോർസ് | ഒന്നും രണ്ടും |

| | | |
|---|---|---|
| | | അർദ്ധവർഷങ്ങൾ |
| 13 | കേരള കാർസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 14 | ചെറുവത്തൂർ സൈക്കിൾസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 15 | എവറസ്റ്റ് ബിൽ ബോർഡ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 16 | ഫോറിയാക്സ് ഫുട് കെയർ കമ്പിനി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 17 | ആയുർവേദ മെഡിക്കൽസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 18 | എംകെ ബിൽഡിംഗ് മെറ്റീരിയൽസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 19 | ഷൈൻ ഫ്ലെക്സിബിൾ പ്രിന്റ് & പാക്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

ഇഇ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 15/17.11.2022) മറുപടി മറുപടി ലഭ്യമാക്കിയില്ല. സ്ഥാപന നികുതി അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-44 തൊഴിൽ നികുതി-മറ്റു അപാകങ്ങൾ.

തൊഴിൽ നികുതി സംബന്ധിച്ചുള്ള മറ്റു അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ബി.എസ്.എൻ.എൽ -ന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

2. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കള്ള് ഷാപ്പുകൾ, റേഷൻ കടകൾ, ഓഡിറ്റോറിയം എന്നിവയിൽ നിന്നും 2021-22 വർഷം തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

3. 2021-22 വർഷത്തെ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേരും മേൽ വിലാസവും നഗരസഭ പരിധിയിലുള്ള അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശവും ലഭ്യമല്ല.

ഇഇ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/17.11.2022) മറുപടി മറുപടി ലഭ്യമാക്കിയില്ല. മേല്പറഞ്ഞ സ്ഥാപങ്ങളിൽ/വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-45 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല

ട്രേഡേഴ്സ് ലിസ്റ്റിലെ 1 മുതൽ 4 വരെയുള്ള വാർഡുകളിലെ സ്ഥാപനങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ 2021-22 വർഷത്തെ ഫാക്ടറി-വ്യാപാര ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | വാർഡ്/കെട്ടിട നമ്പർ | സ്ഥാപനം |
|---|---|---|
| 1 | 1/13A | ആരോൺ സ്റ്റോർ |
| 2 | 2/50 | ഗ്രാമിയ ചിക്കൻ സ്റ്റാൾ |
| 3 | 3/244D | അറേബ്യൻ സ്പൈസസ് ഫുഡ് ഹോട്ടൽ |
| 4 | 4/33 | ജാരിസ് റൈസ് മിൽ |
| 5 | 4/258 | ഹന്ന കിച്ചൺ സ്പൈസസ് |

അപാകതക സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/9.11.2022 നുള്ള മറുപടിയിൽ അപാകത

പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-46 ലൈസൻസ് അപേക്ഷയിൽ മൂലധന നിക്ഷേപ വിവരം ചേർക്കുന്നില്ല

ലൈസൻസിനുള്ള ഭൂരിപക്ഷ അപേക്ഷകളിലും മൂലധന നിക്ഷേപ വിവരങ്ങൾ എഴുതിയിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017-ലെ ജി.ഒ(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം എന്നിവയനുസരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസിനായി സമർപ്പിച്ച മിക്ക അപേക്ഷകളോടൊപ്പവും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ അനല ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിന്റെ ലൈസൻസ് പുതുക്കാനുള്ള അപേക്ഷയിൽ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ നിശ്ചയിക്കുന്ന ഫോമാണ് ഉപയോഗിച്ചത്.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/9.11.2022 ന് ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ പുതിയ അപേക്ഷാ ഫോമാണ് ഉപയോഗിക്കുന്നതെന്നും അപേക്ഷ വാങ്ങുമ്പോൾ തന്നെ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-47 യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ഫീ ഈടാക്കുന്നില്ല

1996 ലെ കേരള പഞ്ചായത്തിരാജ് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ ചട്ടം 18 പട്ടിക III പ്രകാരം സ്ഥാപനങ്ങളിൽ നിന്നും യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് നിശ്ചയിച്ചിട്ടുണ്ട്.

എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷയിൽ യന്ത്രങ്ങളുടെ കുതിരശക്തിയുടെ വിശദാംശങ്ങൾ ചേർത്തിരുന്നെങ്കിലും ഫീസ് ഈടാക്കിയിരുന്നില്ല.

| സ്ഥാപനം | ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി(HP) | വാർഡ്/കെട്ടിട നമ്പർ | ലൈസൻസ് അപേക്ഷകൻ |
|---|---|---|---|
| സർവ്വീസ് സ്റ്റേഷൻ | 10 | 8/42E | അശോകൻ |
| പ്രിന്റിംഗ് പ്രസ്സ് | 9 | 11/21 | വർഗ്ഗീസ് കെ.എ |
| ദേവശ്രീ ഫുഡ്സ് | 20 | 11/290L | ജിഷ ശശി |
| അനല ഫാർമസ്യൂട്ടിക്കൽസ് | 48 | 11/231,232 | സി.മോഹൻദാസ് |

അപാകത സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിയെ (3/9.11.2022 ) തുടർന്ന് മേൽ സ്ഥാപനങ്ങൾ ഫീസ് അടവാക്കിയതായി മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

## 1-48 തനത് ഫണ്ട് നിക്ഷേപത്തിനായി ഒന്നിലധികം അക്കൗണ്ടുകൾ

സർക്കുലർ 58725/എഫ്.എം.3.2008/ തസ്വഭവ/ 26.5.11 പ്രകാരം തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്നുണ്ട്. ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ നിലനിർത്താൻ പാടുള്ളതുമല്ല. പഞ്ചായത്തിന് പോർക്കുളം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലും തനത് ഫണ്ടിനായി അക്കൗണ്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 24/18.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് ഫണ്ട് ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്ന് സർക്കാർ നിർദ്ദേശമുള്ള സാഹചര്യത്തിൽ തനത് ഫണ്ട് ഒരു അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-49 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ശ്മശാനത്തിന്റെ നടത്തിപ്പിലുള്ള അപാകതകൾ

പഞ്ചായത്ത് പരിശോധനയ്ക്ക് ലഭ്യമാക്കിയ ശ്മശാനത്തിന്റെ സംസ്കരണ അപേക്ഷ രജിസ്റ്റർ പ്രകാരം 2021-22 വർഷം ആകെ 104 സംസ്കാരങ്ങൾ നടന്നിട്ടുണ്ട്. ശ്മശാനത്തിന്റെ പ്രവർത്തനത്തിനായി ആകെ 119 ഗ്യാസ് സിലിണ്ടറുകൾ ടി കാലയളവിൽ ഉപയോഗിച്ചിട്ടുണ്ട്. ഓരോ തവണ ഗ്യാസ് സിലിണ്ടറുകൾ വാങ്ങുമ്പോഴും ഉപയോഗിക്കാതെ അവശേഷിക്കുന്ന ഗ്യാസ് സിലിണ്ടറുകളുടെയും വാങ്ങിയ ഗ്യാസ് സിലിണ്ടറുകളുടെയും ആകെ തുക സ്റ്റോക്കിൽ രേഖപ്പെടുത്തി ഇഷ്യൂ ചെയ്യുന്നതിനനുസരിച്ച് സ്റ്റോക്കിൽ കുറവു വരുത്തേണ്ടതാണ്. ഇതിനു പകരം വാങ്ങിയ സിലിണ്ടറുകളുടെ എണ്ണം മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. അതിനാൽ ഇതുവരെ എത്ര സിലിണ്ടറുകൾ

മുഴവനായി ഉപയോഗിച്ച, എത്ര സിലിണ്ടറുകൾ ഉപയോഗിക്കാതെ അവശേഷിക്കുന്ന എന്നതിനെ സംബന്ധിച്ച് വ്യക്തതയില്ല.

കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനം ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ)ചട്ടങ്ങൾ 1998, ചട്ടം 12 പ്രകാരം ക്രിമറ്റോറിയം നടത്തിപ്പുമായി ബന്ധപ്പെട്ട ബൈ ലോ ഉണ്ടാക്കാവുന്നതാണ്. എന്നാൽ പഞ്ചായത്തിൽ നിലവിൽ ക്രിമറ്റോറിയം പ്രവർത്തനത്തിന് ബൈ ലോ ഉണ്ടാക്കിയിട്ടില്ല. ബൈ ലോ ഉണ്ടാക്കുന്നതിന് സ്വീകരിച്ച നടപടികൾ, മേൽ അപാകതയുള്ള വിശദീകരണം എന്നിവ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നമ്പർ 17/17.11.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകത പരിഹരിക്കേണ്ടതും ബൈ ലോ തയ്യാറാക്കി സർക്കാർ അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്.

## 1-50 മരുന്നുകൾ നാളിതു വരെ ലഭ്യമായില്ല.

2021-22 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ, പിഎച്ച് സി നടപ്പിലാക്കിയ പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വിവിധ പദ്ധതികളുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കേർപ്പറേഷന്റെ പ്രോഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക കൈമാറിയതിൽ നാളിതുവരെ മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം / പേര് | പ്രോഫോർമ ഇൻവോയ്സ് | ബിൽ നം /ചെക്ക് നം/വൗച്ചർ നം | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 56/22<br>പി എച്ച് സി യിലേക്ക് മരുന്ന | PRF 2860/22.10.21<br>PRF 3916/8.12.21 | Vr. 22100761/ 10.11.2021 | 499520 | 363328 രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട് |
| 2 | 70/22<br>പാലിയേറ്റിവ് പരിചരണം | PRF 4847/17.1.2022 | Vr. 22101237/ 23.2.2022 | 150000 | 140120 രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട് |
| 3 | 96/22<br>കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നത്. | PRF 2389/ 30.9.2021 | 823712/ 4.12.2021<br>Vr. 22100840/ 4.12.2021 | 24974 | 15786 രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട് |
| 4 | 125/22<br>ജീവൻ രക്ഷാ മരുന്നുകൾ | PRF 791/ 18.6.2021 | 815517/ 26.10.2021<br>Vr. 22100672/ 26.10.2021 | 99805 | 84257 രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട് |

ബാക്കിയുള്ള മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 16/17.11.22 നൽകിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-51 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ - വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിൽ പദ്ധതി നിർവ്വഹണത്തിനായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് നൽകിയ തുകകളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം /പദ്ധതിയുടെ പേര് | തുക കൈമാറിയ സ്ഥാപനം | ബിൽ നം /വൗച്ചർ നം /തിയതി | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 104/22<br>ഒരുവന്നൂർമന കുടിവെള്ള പദ്ധതി | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 1)22101366/31.3.22<br>2)22101365/31.3.22<br>3)22101364/31.3.22 | 101322<br>410820<br>266640 | സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ല. |
| 2 | 174/22<br>വിവിധ വികസന പ്രവർത്തനങ്ങൾക്കായി ഇലക്ട്രിക് പോസ്റ്റ് മാറ്റി സ ്ഥാപിക്കൽ | കെ എസ് ഇ ബി | 1)22101238/24.2.22<br>2) 22101239/24.2.22 | 20124<br>45323 | സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ല. |
| 3 | 20/22<br>IKM വിഹിതം നൽകൽ | IKM | 22100330/8.6.21 | 49634 | |
| 4 | 140/22<br>സെന്റ് ജോർജ്ജ് കുടിവെള്ള പദ്ധതി-രണ്ടാംഘട്ടം | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 1) 22100984/17.12.21<br>2)22101325/19.3.22 | 100000<br>8000 | സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ല. |
| 5 | 105/22<br>പാറപ്പുറം അയ്യംപറമ്പ് കുടിവെള്ളപദ്ധതി | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 1)22101362/31.3.22<br>2)22101363/31.3.22 | 341000<br>231000 | സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ല. |
| 6 | 155/22<br>സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ | കെ എസ് ഇ ബി | 1)22101116/13.1.22<br>2)22101302/26.3.322<br>3)22101287/23.3.22 | 72500<br>99689<br>56464 | സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ല. |
| 7 | 136/22<br>പതിനൊന്നാം വാർഡിലെ കോളനി പി എച്ച് സി കുടിവെള്ളപദ്ധതി | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 22100638/25.9.21 | 728910 | സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ല. |
| 8 | 143/22<br>ഒരുവന്നൂർമന കുടിവെള്ളപദ്ധതി | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 22100985/17.12.21 | 97000 | സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ല. |
| 9. | 112/22<br>മങ്ങാട് വായനശാല കരുവാൻ ഇടവഴി കുടിവെള്ളപദ്ധതി | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 1)22100745/28.10.21<br>2)22100970/14.1.22<br>3)22101295/25.3.22 | 20059<br>38941<br>505309 | സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ല. |
| 10 | 103/22<br>സെന്റ് ജോർജ്ജ് കുടിവെള്ള പദ്ധതി വാർഡ് 7 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 22101362/31.3.22 | 341000 | സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ല. |
| 11 | 144/22<br>പാറപ്പുറം അയ്യംപറമ്പ് | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 1)22100986/17.12.21<br>2)22101324/19.3.22 | 100000<br>2000 | സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ല. |

| | | | | |
|---|---|---|---|---|
| | കുടിവെള്ളപദ്ധതി | | 3)22101329/23.3.22<br>4)22101359/26.3.22 | 119000<br>859000 |

വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് ( ഓഡിറ്റ് എൻക്വയറി നം -7/17.11.22).

## 1-52 പെർഫോർമൻസ് ബേസ്ഡ് ഇൻസന്റീവ് ഗ്രാന്റ് - തുക ചെലവഴിക്കേണ്ടതാണ്.

സ്വച്ഛ് ഭാരത് മിഷൻ - പെർഫോർമൻസ് ബേസ്ഡ് ഇൻസന്റീവ് ഗ്രാന്റ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള തുക വിനിയോഗിക്കുന്നത് സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 21.7.18 ന് 334/ഡി സി 1/ 18/തസ്വ ഭ വ ആയി തദ്ദേശസ്വയംഭരണ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിരുന്നു. സർക്കുലറിൽ ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുന്ന തുകകൾ താഴെപ്പറയും പ്രകാരം ഉപയോഗിക്കാം എന്നും പറയുന്നു.

1. ലൈഫ് ഭവന പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ഗാർഹിക കക്കൂസ് നിർമ്മാണം

2.റിട്രോഫിറ്റിംഗ്

3.കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ്

4. സ്കൂൾ ടോയ് ലറ്റ് നിർമ്മാണം

5.അംഗൻവാടി ടോയ് ലറ്റ് നിർമ്മാണം

6.കമ്പോസ്റ്റിംഗ്/ബയോഗ്യാസ് പ്ലാന്റുകൾ

ഗ്രാമപഞ്ചായത്തിന് ലഭ്യമായ തുക സംബന്ധിച്ച കാര്യങ്ങളിൽ വ്യക്ത വരുത്തുന്നതിന് എൻക്വയറി നൽകിയതിന് (8/17.11.22) പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ താഴെച്ചേർക്കുന്നു.

1. പെർഫോർമൻസ് ബേസ്ഡ് ഇൻസന്റീവ് ഗ്രാന്റ് ആയി ഗ്രാമപഞ്ചായത്തിന് ലഭിച്ച ആകെ തുക 1788832 രൂപയാണ്

2 ലഭ്യമായ തുകയിൽ 10.3.22വരെ ആകെ 757827രൂപ ചെലവഴിച്ചിട്ടുണ്ട് ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവ് |
|---|---|
| Construction Of Toilet Block In MKM UP School | 230427 |
| Waste Management At Source In Private Institutions | 116400 |
| Construction Of Toilets | 216000 |
| Retrofitting Of Toilet | 195000 |
| ആകെ | 757827 |

3. പെർഫോർമൻസ് ബേസ്ഡ് ഇൻസന്റീവ് ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന മുഴുവൻ പ്രവൃത്തികൾ ഉൾപ്പെടുന്ന പഞ്ചായത്ത് തലകർമ്മ പദ്ധതി തയ്യാറാക്കി ജില്ല ശുചിത്വ സമിതിയുടെ അംഗീകാരം വാങ്ങണം. തുടർന്ന് പ്രോജക്ടുകൾ പഞ്ചായത്ത് പദ്ധതിയുടെ ഭാഗമാക്കി ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭ്യമാക്കുകയും യഥാവിധി സാങ്കേതികാനുമതികളും വാങ്ങിയാണ് നിർവ്വഹണം നടത്തേണ്ടതെന്ന് മേൽ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ഇത്തരത്തിൽ ഒരു കർമ്മ പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല.
4.ചെലവഴിച്ചതുക സംബന്ധിച്ച ധനവിനിയോഗസാക്ഷ്യപത്രം ജില്ലാ ശുചിത്വമിഷൻ സമിതിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.
1031005 രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നുണ്ട്. പദ്ധതികൾ ആസൂത്രണം ചെയ്ത് തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-53 പോർക്കുളം ഗ്രാമപഞ്ചായത്തിലെ വിവിധ സെന്ററുകളിലേക്ക് മിനിമാസ്റ്റ് സ്ഥാപിക്കൽ -അപാകതകൾ

പ്രോജക്ട് നം - 149/22

വൗച്ചർ നം - 22101241/24.2.22 – 80000

22101208/10.3.22 - 398000

പദ്ധതി നടത്തിപ്പിനായി ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം കുറവ് നിരക്ക് രേഖപ്പെടുത്തിയ അക്രഡിറ്റഡ് ഏജൻസിയായ ആർട്കോ മുഖേനയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. 8 Mtr. Minimast 80Wx 3 Nos എന്ന ഒരു സെറ്റിന് 119500 എന്ന നിരക്കിൽ നാല് എണ്ണം സ്ഥാപിക്കുന്നതിനാണ് ആർട്കോയ്ക്ക് തുക നൽകിയത്. പദ്ധതി

നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ആർട്കോയുടെ ടെണ്ടർ അംഗീകരിച്ചുകൊണ്ടുള്ള കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല.

2. ഏതെല്ലാം സെന്ററുകളിൽ സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത് എന്ന് വ്യക്തമാക്കിയിട്ടില്ല.

3. സ്ഥാപനത്തിന്റെ ഇൻസ്റ്റാലേഷൻ റിപ്പോർട്ട്/പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

4. മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് KSEB യിൽ നിന്നും ലഭിച്ച അനുമതി സാക്ഷ്യ പത്രമില്ല

5. തെരുവുവിളക്കുകൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ച് രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് എൻക്വയറി (19/17.11.22) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-54 ക്രിമിറ്റോറിയം എ എം സി - കരാറുകാരന് അധിക തുക അനുവദിച്ചു.

ക്രിമിറ്റോറിയം എ എം സി നൽകുന്നതുമായി ബന്ധപ്പെട്ട് തൻവർഷം രണ്ട് പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി നം - 156/22

വൗച്ചർ നം - 22101288/ 23.3.22 തുക 150000

2. പദ്ധതി നം - 146/22

വൗച്ചർ നം - 22101240/ 24.2.22 തുക 27050

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 156/22 പദ്ധതി പ്രകാരം രണ്ട് തവണ ടെണ്ടർ ക്ഷണിച്ചിട്ടും ആരും തന്നെ പങ്കെടുക്കാത്തതിനാൽ ക്വട്ടേഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകളൊന്നും തന്നെ ഫയലിൽ ഇല്ല.

2. നാഷണൽ സർവീസ് സെന്റർ , കുന്ദംകുളം എന്ന സ്ഥാപനത്തിന്റെ 150000രൂപയുടെ ഒരു ക്വട്ടേഷൻ മാത്രമാണ് ലഭിച്ചതായി കാണുന്നത്. ഈ ക്വട്ടേഷന് 19.2.21 ലെ 2/2തീരുമാന പ്രകാരം അംഗീകരിച്ചതായും കാണുന്നു. എന്നാൽ സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ല.

3.കരാറിന്റെ അഭാവത്തിൽ ക്വട്ടേഷൻ എത്ര നാളത്തേയ്ക്കാണ് അംഗീകരിച്ച് നൽകിയത് എന്നും വ്യക്തമല്ല

4.നാഷണൽ സർവീസ് സെന്റർ , കുന്ദംകുളം എന്ന സ്ഥാപനത്തിന് ക്രിമിറ്റോറിയം മെയിന്റനൻസിനായി താഴെക്കൊടുക്കും പ്രകാരം തനത് ഫണ്ടിൽ നിന്നും തുക നൽകിയിട്ടുണ്ട്

| ക്രമ നം | വൗച്ചർ നം/തിയതി | ചെക്ക് നം /തിയതി | തുക |
|---|---|---|---|
| 1 | 22100509/10.9.21 | 140258/10.9.21 | 14400 |
| | 22100510/10.9.21 | | 1410 |
| 2 | 22100601/11.10.21 | 133144/11.10.21 | 50000 |
| | 22100602/11.10.21 | 133145/11.10.21 | 28000 |
| 3 | 22100742/15.11.21 | 133929/15.11.21 | 83240 |
| ആകെ | | | 177050 |

5.എ എം സി എടുത്തിരിക്കുന്നത് 150000 രൂപയ്ക്കാണ് എന്നിരിക്കെ മേൽ പ്രകാരവും തുക അനുവദിച്ചത് വഴി 27050 രൂപ അധികം അനുവദിച്ചിട്ടുണ്ട്. 8.10.21 ലെ 11/1കമ്മിറ്റി തീരുമാന പ്രകാരം 78000രൂപ ഈ പദ്ധതിയ്ക്കായി തനത് ഫണ്ടിൽ നിന്നും അനുവദിച്ചു നൽകിയ സെക്രട്ടറിയുടെ നടപടി സാധൂകരിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 9.11.21 ലെ 1/12തീരുമാന പ്രകാരം 83240രൂപ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽ പ്രകാരമുള്ള തുകകളോടൊപ്പം 10.9.21ൽ അനുവദിച്ച 15810 രൂപയും ചേർത്ത് ആകെ 177050 രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. പിന്നീട് 22101288/ 23.3.22-ാം നമ്പർ വൗച്ചർ പ്രകാരം സി എഫ് സി ഗ്രാന്റ് 150000രൂപ തനത് ഫണ്ടിലേക്ക് മാറ്റിയിടുകയാണ് ചെയ്തിരിക്കുന്നത്. കൂടാതെ 146/22എന്ന പദ്ധതി പ്രകാരം 27050 രൂപ തനത് ഫണ്ടിൽ നിന്ന് അനുവദിച്ച് പിന്നീട് സി എഫ് സി ഗ്രാന്റിൽ നിന്നും തനത്ഫണ്ടിലേക്ക് മാറ്റിയിടുകയും ചെയ്തിട്ടുണ്ട് (ആകെ തനത് ഫണ്ടിൽ നിന്ന് CFC യിലേക്ക് മാറ്റിയിട്ട തുക 150000+27050 = 177050). ഇത്തരത്തിൽ ഫണ്ടുകൾ മാറ്റി ചെലവഴിക്കുന്ന പ്രവണത അഭിലഷണീയമല്ല.

മേൽ പ്രകാരം കരാറിലേർപ്പെടാതെ സ്ഥാപനത്തിന് തുക കൈമാറിയതിനും അധിക തുക അനുവദിച്ചതിനും മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( 20/18.11.22) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും അധികം അനുവദിച്ച 27050രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-55 തെരുവു വിളക്ക് എ എം സി - അപാകതകൾ

തെരുവു വിളക്ക് പരിപാലനത്തിനായി തൻവർഷം രണ്ട് പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I) സ്ട്രീറ്റ് ലൈറ്റ് എ എം സി

പ്രോജക്ട് നം - 154/22

വൗച്ചർ നം - 22101073/4.2.22 തുക 490000

കരാറുകാരൻ - ഷൈജു ചിറ്റിലപ്പിള്ളി

പഞ്ചായത്തിൽ നിലവിലുള്ള പദ്ധതി പണം കഴിഞ്ഞതിനാൽ തൻവർഷത്തെ തുക ഉപയോഗിച്ച് കരാറുകാരന് തുക കൈമാറുന്നതിനാണ് പദ്ധതി .

II)തെരുവു വിളക്ക് എ എം സി

പ്രോജക്ട് നം - 27/22

വൗച്ചർ നം - 22101272/8.3.22 തുക 122148

കരാറുകാരൻ - ബിജു ജോസ് ചക്കാലക്കൽ

കരാർ കാലാവധി - 21.12.21 മുതൽ 20.12.22വരെ

ഇൻവോയ്സ് നം - 31/21-22dt. 15.2.22 ( 532nos @205)

പദ്ധതികൾ പ്രകാരം വാർഡുമെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകുന്ന കണക്കുകളുടെ അടിസ്ഥാനത്തിലാണ് തെരുവു വിളക്കുകളുടെ പരിപാലനത്തിനുള്ള തുക അനുവദിക്കുന്നത്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പദ്ധതി പ്രകാരം വാർഡുമെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നതെന്നിരിക്കെ ടിയാരുടെ സാക്ഷ്യപത്രത്തിൽ ഏതെല്ലാം ഇനത്തിൽപെട്ട എത്ര എണ്ണം തെരുവു വിളക്കുകളാണ് അറ്റകുറ്റപണി നടത്തിയതെന്ന് രേഖപ്പെടുത്തിയില്ല. ആയതിനാൽ തന്നെ നൽകിയ തുകയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. 7-11-17 തിയ്യതിയിലെ 177/ഡിഎ3/(ത.സ്വ.ഭ.വ) നം സർക്കുലർ പ്രകാരം കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ ഗ്രൂപ്പ് എടുക്കേണ്ടതും ലൈസൻസിനൊപ്പം ഇൻഷൂറൻസ് സംബന്ധമായ രേഖകൾ സമർപ്പിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അപ്രകാരം രേഖകൾ സമർപ്പിച്ചു കാണുന്നില്ല.

3. പഞ്ചായത്ത് പരിധിയിലുള്ള തെരുവുവിളക്കുകളുടെ ആകെ എണ്ണം, ഇനം തരം (വാർഡ് തിരിച്ച്) രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിന്റെ കണക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

4. 15.9.2011-ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 3055/ഡി.എ.3/2011 നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതും ഇപ്രകാരം ലഭിക്കുന്ന പരാതികളുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ) എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും ഇതേ രജിസ്റ്ററുകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ, വൈദ്യുതി ബോർഡിന്റെയോ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിർദ്ദേശങ്ങളൊന്നും തന്നെ പാലിക്കപ്പെട്ടതായി കാണുന്നില്ല.

5. കരാറുകാരൻ ഹാജരാക്കിയിരിക്കുന്ന ബില്ലിൽ (ബിൽ നം-14/29.10.21) തുക മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇനം തിരിച്ചിട്ടുള്ള കണക്ക് ലഭ്യമാക്കിയില്ല. സർക്കുലർ നം 3055/ഡിഎ/2011/ത.സ്വ.ഭ.വ പ്രകാരം വാങ്ങി ഫിറ്റ് ചെയ്ത സാധനങ്ങൾ ISI നിലവാരത്തിൽ ഉള്ളതാവണം എന്നും കെ.എസ്.ഇ.ബി യുടെ നിരക്കിനെക്കാൾ അധികരിക്കാത്തതാവണം എന്നും നിഷ്കർഷിച്ചിട്ടുണ്ട്. കരാറുകാരന്റെ ബില്ലിൽമൊത്തം തുക മാത്രം രേഖപ്പെടുത്തി നിരക്ക് രേഖപ്പെടുത്താത്തതിനാൽ കെ.എസ്.ഇ.ബി യുടെ നിരക്കിനെക്കാൾ അധികരിച്ചിട്ടുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6. കെ എസ് ഇ ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ കൃത്യമായ എണ്ണം സൂക്ഷിച്ചിട്ടില്ല.

7.കേടുവന്ന ഉപകരണങ്ങൾ/ബൾബുകൾ പഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിക്കുകയോ ആരെങ്കിലും പരിശോധിക്കുകയോ അൺ സർവ്വീസബിൾ ആർട്ടിക്കിൾസ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/17.11.22) 12 Wtന്റെ ബൾബുകൾ മാത്രമാണ് പഞ്ചായത്തിൽ ഉള്ളത് എന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ ഇതിന്റെ ആധികാരികത പരിശോധിക്കുവാനാവശ്യമായ യാതൊരു രേഖകളും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ലാത്തതാണ്. രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്

## 1-56 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് വാർഷിക കരാറിലേർപ്പെടൽ - കൃത്യമായ വിവരം സൂക്ഷിക്കുന്നില്ല.

പ്രോജക്ട് നം - 33/22

വൗച്ചർ നം - 22100983/ 17.12.21 തുക 41120

പദ്ധതി പ്രകാരം ഒരു വർഷത്തെ വാർഷിക മെയിന്റനൻസിനായി ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം മൂന്ന് സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുക്കുകയും ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ നെസ്റ്റ് സിസ്റ്റംസ്, തൃശ്ശൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 9.11.21 ലെ 1/8-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 26.11.21 മുതൽ 25.11.22 വരെയാണ് കരാർ കാലാവധി. 16ഡെസ്ക് ടോപ്പ്, സെർവർ, രണ്ട് യു പി എസ് എന്നിവയ്ക്കുള്ള എ എം സി തുകയാണ് സ്ഥാപനത്തിന് കൈമാറിയിരിക്കുന്നത്. എന്നാൽ എത്ര എണ്ണം എഎംസി യിൽ ഉൾപ്പെടുത്തണമെന്നും ആയതിന്റെ സീരിയൽനമ്പർ സംബന്ധിച്ച വിവരവും കൃത്യമായി സൂക്ഷിക്കുകയോ റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ തന്നെ ഏതൊക്കെ എണ്ണത്തിനാണ് എ എം സി എന്ന വിവരം ലഭ്യമല്ല. മാത്രമല്ല പഞ്ചായത്തിൽ ഹാർഡ് വെയർ സോഫ്റ്റ് വെയറിന് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും എ എം സി സംബന്ധിച്ച വിവങ്ങളൊന്നും തന്നെ രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല.

എ എം സി നൽകുന്നത് സംബന്ധിച്ച് കൃത്യമായ വിവരം രജിസ്റ്റിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ് ( ഓഡിറ്റ് എൻക്വയറി - 26/18.11.22)

## 1-57 സുലേഖയിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

പ്രോജക്ട് അസിസ്റ്റന്റിന്റെ വേതനം

പ്രോജക്ട് നം - 158/22

വൗച്ചർ നം -22101175/2.3.22 തുക 22290

വൗച്ചർ നം -22101040/1.2.22 തുക 22290

വൗച്ചർ നം -22100918/1.1.22 തുക 22290

പദ്ധതി പ്രകാരം പ്രോജക്ട് അസിസ്റ്റന്റിന്റെ വേതനം നൽകുന്നതിനായി തനത് ഫണ്ടിൽ നിന്നും 84700 രൂപയാണ് വകയിരുത്തിയിരിക്കുന്നത്. പ്രതിമാസം പ്രോജക്ട് അസിസ്റ്റന്റിന്റെ വേതനമിനത്തിൽ 22290 രൂപയാണ് അനുവദിക്കുന്നത് ആയത് പ്രകാരം 12/21,1/22,2/22 മാസങ്ങളിൽ 22290 രൂപ വീതം അനുവദിച്ചിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ആകെ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്. 44580 രൂപയാണ്. സുലേഖയിൽ ചെലവ് രേഖപ്പെടുത്താത്തതിന് കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് എൻക്വയറി (22/18.11.22)നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. യഥാസമയം സുലേഖയിൽ ചെലവ് രേഖപ്പെടുത്താത്തത് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മയായി ഓഡിറ്റ് കാണുന്നു

## 1-58 കേരള വാട്ടർ അതോറിറ്റിക്ക് തെരുവു ടാപ്പുകളുടെ കുടിവെള്ളക്കരം അടവാക്കൽ- ഡിമാന്റ് തുക കൂടുതലായി കാണിക്കുന്നു.

പ്രോജക്ട് നം - 23/22

ചെലവ് - 1146708 ( മെയിന്റനൻസ് ഗ്രാന്റ് റോഡിതരം )

തെരുവു ടാപ്പുകളുടെ കുടിവെള്ളക്കരം വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 208ടാപ്പുകൾക്ക് ഒരു മാസം 95559രൂപനിരക്കിൽ ഒരു വർഷത്തേക്കുള്ള തുകയാണ് പദ്ധതി പ്രകാരം ചെലവഴിച്ചിരിക്കുന്നത്.

വാട്ടർ അതോറിറ്റിയുമായി ചേർന്ന് 2022 May 31, June 7,8,9 തിയതികളിലായി സംയുക്ത പരിശോധന നടത്തി17.6.22 ന് 5111/AE/KWA/KNL/20-21നമ്പറായി വാട്ടർ അതോറിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ റിപ്പോർട്ട് പ്രകാരം നിലവിൽ ആകെ 38എണ്ണം മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നുമുണ്ടായ അനാസ്ഥമൂലം പഞ്ചായത്തിന് തെരുവു ടാപ്പുകളുടെ കുടിവെള്ളക്കരം അടവാക്കുന്നതിൽ നഷ്ടം വന്നിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു.

എല്ലാ മാസങ്ങളിലും വാട്ടർ അതോറിറ്റിയിൽ നിന്നും ഡിമാന്റ് നോട്ടീസ് ലഭിക്കുന്ന മുറയ്ക്ക് തുക അടവാക്കി വരുന്നുണ്ടെങ്കിലും ഒരു മാസം തുക അടവാക്കി അടുത്ത മാസത്തെ ഡിമാന്റ് നോട്ടീസ് ലഭിക്കുമ്പോൾ കഴിഞ്ഞമാസത്തെ തുക അരിയർ ആയി ഉൾപ്പെടുത്തി ഫൈൻ കണക്കാക്കി കാണുന്നു. ഏതാനും മാസത്തെ വിവരം ചുവടെചേർക്കുന്നു.

| Month | Demand For The Month | Demand As Per Notice | Actual Demand( Inclu. Arrear) | Amount Paid | | Balance | |
|---|---|---|---|---|---|---|---|
| | | | | Rt.no | Amt | As Per Notice | Actual |
| 4/21 | 95559 | 97415 | 97415 | 22100326/30.4.21 | 95559 | 1856 | 1856 |
| 5/21 | 95559 | 194922 | 97452 | 22100329/26.5.21 | 95559 | 99363 | 1893 |
| 6/21 | 95559 | 294320 | 97490 | 22100333/23.6.21 | 95559 | 198781 | 1931 |
| 7/21 | 95559 | 103298 | 97529 | 22100389/26.7.21 | 95559 | 7739 | 1970 |

ഇപ്രകാരം അടവാക്കിയ തുകയുടെ വിവരങ്ങൾ തൊട്ടടുത്ത മാസത്തെ ഡിമാന്റ് നോട്ടീസിൽ പ്രതിഫലിക്കാത്തത് പിഴപ്പലിശ കൂടാൻ കാരണമാവുകയും പഞ്ചായത്തിന് നഷ്ടം സംഭവിക്കുകയും ചെയ്യുമെന്നതിനാൽ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് യഥാർത്ഥ ഡിമാന്റ് തുക തന്നെ ഡിമാന്റ് നോട്ടീസിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-59 ലൈഫ് ഭവന പദ്ധതി - സ്റ്റേജ് റിപ്പോർട്ട്/പരിശോധന റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി തൻവർഷം 3 പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത് . പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം /പേര് | പ്ലാൻ ഫണ്ട് ചെലവ് | ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവ് | ജില്ലാ പഞ്ചായത്ത് വിഹിതം ചെലവ് | റിമാർക്സ് |
|---|---|---|---|---|
| പ്രോജക്ട് നം-117/22 ലൈഫ് എസ് സി | 26200 | 170000 | 100000 | |
| പ്രോജക്ട് നം-4/22 ലൈഫ് എസ് സി | 2168800 | 920000 | 520000 | |
| പ്രോജക്ട് നം-24/22 ലൈഫ് ജനറൽ | 2465769 | 980000 | | |

ഗുണഭോക്താക്കൾ ഓരോഘട്ടവും പൂർത്തിയാക്കുന്ന മുറയ്ക്ക് സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതും , നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധനാ റിപ്പോർട്ട് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിലാണ് അടുത്ത ഗഡു അനുവദിക്കേണ്ടത് എന്നിരിക്കെ ഗുണഭോക്താക്കളാരുംതന്നെ സ്റ്റേജ് റിപ്പോർട്ട് തയ്യാറാക്കിയതായോ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധനാ റിപ്പോർട്ട് തയ്യാറാക്കിയതായോ കാണുന്നില്ല. മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് എൻക്വയറി നൽകിയതിന് (23/18.11.22) ഓരോ ഘട്ടവും പൂർത്തിയാകുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് കണ്ട് ബോധ്യപ്പെട്ടതിന് ശേഷമാണ് തുക അനുവദിക്കുന്നത് എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

ഓരോഘട്ടവും പൂർത്തിയാക്കുന്ന മുറയ്ക്ക് സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണെന്ന നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-60 മണ്ണ് -ലേലം നടത്തിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികൾക്കായി മണ്ണ് എടുത്തതിൽ, കുഴിച്ചെടുത്ത മണ്ണ് സൈറ്റിൽ കൂട്ടിയിട്ടത് തുടർ നടപടികൾക്കായി അസിസ്റ്റന്റ് എഞ്ചിനീയർ സെക്രട്ടറിക്കു കൈമാറിയതായി കാണുന്നു. എന്നാൽ പിന്നീട്മണ്ണ് ലേലംചെയ്തതിന്റെ വിവരങ്ങൾ, കമ്മിറ്റി തീരുമാനങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു(ഓഡിറ്റ് എൻക്വയറി-18/17-11-22).

| പ്രോജക്റ്റ് | ഫണ്ട് | ചെലവ് | മണ്ണിന്റെ അളവ്(എം ബുക്ക് പ്രകാരം) | കത്ത് നം,തീയതി |
|---|---|---|---|---|
| 83/22മൊയ്യളം ഡ്രെയിനേജ് ഫയർസ്റ്റേഷൻമങ്ങാട് റോഡ് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | ട്രഷറി ബിൽ.17/7-2-22, 646720 | 115.82 M3 (എം ബുക്ക് 16/page-6) | 353/ae /lsgd/pklm /21-22 Dt.27-1-22 |
| 106/21നൊങ്ങല്ലൂർ റോഡ് ഡ്രൈയിനേജ് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | ട്രഷറി ബിൽ12/31-12-21 698397 | 124.71m3 (എം ബുക്ക് 29/page-8) | 34/ae/lsgd /pklm/21-22 Dt.24-12-21 |
| 72/22അടിവാരം റോഡ് ഡ്രൈയിനേജ് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 6/1-12-21 308099 | 53.74m3 എം ബുക്ക് 5/page-4) | കത്ത് നൽകിയിട്ടില്ല |
| 97/22ആമശ്ശേരി റോഡ് കാന നിർമ്മാണം | വികസന ഫണ്ട്(cfc) | 328904 | 69.60m3 എം ബുക്ക് 10/page-13,16) | 343/ae /lsgd/pklm /21-22 Dt.24-12-21 |

മണ്ണ് ലേലം ചെയ്തതിന്റെ വിശദാംശങ്ങൾ, കമ്മറ്റി തീരുമാനങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-61 അമ്പിളി അംഗൻവാടി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പ്രോജക്റ്റ് -159/22അമ്പിളി അംഗൻവാടി നിർമ്മാണം

നിർവഹണ ഉദ്യോഗസ്ഥ -സെക്രട്ടറി

ഫയൽ നമ്പർ-B2 -3319/19

ധനകാര്യ വിശകലനം

വികസനഫണ്ട്(ധനകാര്യ കമ്മീഷൻ അവാർഡ് - 220194

അടിസ്ഥാന വിഹിതം)

ബ്ളോക്ക് വിഹിതം - 800000

ജില്ല പഞ്ചായത്ത് വിഹിതം -300000

സംസ്ഥാന വിഹിതം(വനിത ശിശു വികസന വകുപ്പ്) -200000

കേന്ദ്രാവിഷ്കൃത പരിപാടി (MGNREGS) - 500000

ആകെ -2020194

ചെലവ് ,ഇ വൗച്ചർ

220194(22101077/7-2-22)

800000(22101078/7-2-22)

300000(22101138/10-2-22)

കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ (Mahatma GandhiNREGA Division) 17-2-2016 No.j-11016/11/2012-MGNREGA-IV ഉത്തരവു പ്രകാരം MGNREGA, വനിത ശിശു വികസന വകുപ്പുകളെ സംയോജിപ്പിച്ച കൊണ്ട് അംഗൻവാടി കെട്ടിടങ്ങൾ നിർമിക്കുന്നതിനുള്ള മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്തിലെ 69 നമ്പർ അംഗൻവാടി (അമ്പിളി അംഗൻവാടി) പൊളിച്ച് , സ്മാർട്ട് അംഗൻവാടിയാക്കുന്നതിന് വനിത ശിശു വികസന ഡയറക്ടറുടെ ICDS/A7-31434/19(2)/17-12-2020 നമ്പർ ഉത്തരവു പ്രകാരം അനുമതി ലഭിച്ചതായി ഫയൽ പരിശോധിച്ചതിൽ കാണുന്നു. വനിത ശിശു വികസന വകുപ്പിനു കീഴിലുള്ള 923 അംഗൻവാടികൾക്ക് MGNREGA പദ്ധതി പ്രകാരം അംഗൻവാടി കെട്ടിടങ്ങൾ നിർമിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് അനുമതി നൽകുകയും, ആദ്യ ഘട്ടമായി സംസ്ഥാന സർക്കാർ 720അംഗൻവാടി കെട്ടിടങ്ങളുടെ തുകയായ 14.40 കോടി രൂപ അനുവദിക്കുകയും, കെട്ടിടങ്ങൾ നിർമിക്കുന്നതിന് 5 ലക്ഷം രൂപ MGNREGA വിഹിതവും, 2ലക്ഷം രൂപ 60:40 അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകളും,ശേഷിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവും വഹിക്കണമെന്നും, വനിത ശിശു വികസന ഡയറക്ടറുടെ ICDS/A7-31434/19(2)/17-12-2020 നമ്പർ ഉത്തരവിൽ പറയുന്നു. വനിത ശിശു വികസന ഡയറക്ടറുടെ മേൽ നമ്പർ ഉത്തരവുപ്രകാരം 69അംഗൻവാടി നിർമ്മാണത്തിന്, വകുപ്പ് ഫണ്ട് 200000 രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകുകയും, തുകസ്റ്റേറ്റ് മിഷന്റെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയും ചെയ്തു. ഗ്രാമ, ബ്ളോക്ക്, ജില്ല പഞ്ചായത്തുകളുടെ വിഹിതമായ 220194, 800000, 300000(1320194) ഇതേ അക്കൗണ്ടിലേക്ക് നിക്ഷേപിച്ചു ( A/C79901140000486).

പഞ്ചായത്തിൽ MGNREGA മുഖേനയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. പ്രവൃത്തി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഭരണാനുമതി-10(1)/22-9-21

സാങ്കേതികാനുമതി-3301/2021/25-10-21

കരാറുകാരൻ-അനന്ത കൃഷ്ണൻ

കരാർ തുക-1162356

കരാർ -20-11-21/21-22

69-ാം നമ്പർ അംഗൻവാടി (അമ്പിളി അംഗൻവാടി) നിർമ്മാണത്തിന് മെറ്റീരിയൽ സപ്ലൈക്കായി (അടങ്കൽ 1273118) ഇ ടെണ്ടർ ക്ഷണിച്ചതിൽ, മറ്റു പ്രവൃത്തികൾ MGNREGA മുഖേനയാണ് നടപ്പാക്കുന്നത്. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത അനന്ത കൃഷ്ണൻ എന്ന കരാറുകാരന്റെ ടെണ്ടർ പഞ്ചായത്തു കമ്മിറ്റിയുടെ 17-11-21,1(3) തീരുമാന പ്രകാരം അംഗീകരിക്കുകയും, കരാറുകാരനുമായി നിർവഹണ ഉദ്യോഗസ്ഥ 20-11-21 ൽ കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി കരാറിൽ ഉൾപ്പെടുത്തിക്കാണുന്നില്ല.പ്രവൃത്തി സംബന്ധിച്ച തുടർ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ (Mahatma GandhiNREGA Division) 17-2-2016 No.j-11016/11/2012-MGNREGA-IV ഉത്തരവു പാര 6-2 പ്രകാരം, അംഗൻവാടി കെട്ടിടങ്ങൾ നിർമിക്കുന്നതിന് Project Implementing Agency(PIA) യെ സംസ്ഥാന സർക്കാർ തെരഞ്ഞെടുക്കേണ്ടതും, സംസ്ഥാന സർക്കാർ വിജ്ഞാപനപ്പെടുത്തിയ ലിസ്റ്റിൽ നിന്ന് ഒരു ഏജൻസിയെ പഞ്ചായത്ത് തെരഞ്ഞെടുക്കേണ്ടതുമാണ്. അംഗൻവാടി കെട്ടിടം നിർമിക്കുന്നതിന് Project Implementing Agency(PIA) യായി MGNREGA യെ ചുമതലപ്പെടുത്തിയ സർക്കാർ ഉത്തരവ് ലഭ്യമായിട്ടില്ല.

ഇതേ ഉത്തരവി ലെ Para 6-2(h) പ്രകാരം പ്രവൃത്തി ആരംഭിച്ച് 11മാസത്തിൽ പ്രവൃത്തിപൂർത്തീകരിക്കേണ്ടതാണ്. പ്രവൃത്തിയുടെ നിലവിലെ ഘട്ടം,കൈമാറിയ തുകയുടെ വിശദാംശങ്ങൾ, മറ്റു അപാകതകൾ എന്നിവഉൾപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി- 21/18-11-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

അംഗൻവാടി നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ രണ്ട് വർഷമായി അംഗൻവാടി വാടകകെട്ടിടത്തിലാണ് പ്രവൃത്തിക്കുന്നതെന്ന് ഫയലിൽ സൂചിപ്പിക്കുന്നുണ്ട്. അംഗൻവാടി നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. വിഷയത്തിലേക്ക് ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-62 ആശ്രയ - ഭവനം അറ്റകുറ്റപ്പണി തുകപൂർണ്ണമായി ചെലവഴിച്ചിട്ടില്ല

പ്രോജക്റ്റ്-37/22
ഫണ്ട്- വികസന ഫണ്ട്
ട്രഷറി ബിൽ, തുക 5/18-8-21, 100000
അടങ്കൽ -100000
ചെലവ് 50000
നിർവഹണ ഉദ്യാഗസ്ഥ-അസിസ്റ്റന്റ് സെക്രട്ടറി
ആശ്രയ-ഭവനം അറ്റകുറ്റപ്പണിക്കായി മേൽ ബിൽപ്രകാരം പിൻവലിച്ച തുക കുടുംബശ്രീ അഗതിരഹിത കേരളം

അക്കൗണ്ടിലേക്ക് (A/CNO-SBI 38197016377) മാറി നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ ഒരു ഗുണഭോക്താവിനുള്ള തുകയാണ് ചെലവഴിച്ചിട്ടുള്ളത് (50000) തുക പൂർണ്ണമായി ചെലവഴിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ക്രിമിറ്റോറിയം എ എം സി - കരാറുകാരന് അധിക തുക അനുവദിച്ചു.

ക്രിമിറ്റോറിയം എ എം സി നൽകുന്നതുമായി ബന്ധപ്പെട്ട് തൻവർഷം രണ്ട് പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി നം - 156/22

വൗച്ചർ നം - 22101288/ 23.3.22 തുക 150000

2. പദ്ധതി നം - 146/22

വൗച്ചർ നം - 22101240/ 24.2.22 തുക 27050

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 156/22 പദ്ധതി പ്രകാരം രണ്ട് തവണ ടെണ്ടർ ക്ഷണിച്ചിട്ടും ആരും തന്നെ പങ്കെടുക്കാത്തതിനാൽ ക്വട്ടേഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകളൊന്നും തന്നെ ഫയലിൽ ഇല്ല.

2. നാഷണൽ സർവീസ് സെന്റർ , കുന്ദംകുളം എന്ന സ്ഥാപനത്തിന്റെ 150000രൂപയുടെ ഒരു ക്വട്ടേഷൻ മാത്രമാണ് ലഭിച്ചതായി കാണുന്നത്. ഈ ക്വട്ടേഷന് 19.2.21 ലെ 2/2തീരുമാന പ്രകാരം അംഗീകരിച്ചതായും കാണുന്നു. എന്നാൽ സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ല.

3.കരാറിന്റെ അഭാവത്തിൽ ക്വട്ടേഷൻ എത്ര നാളത്തേയ്ക്കാണ് അംഗീകരിച്ച് നൽകിയത് എന്നും വ്യക്തമല്ല

4.നാഷണൽ സർവീസ് സെന്റർ , കുന്ദംകുളം എന്ന സ്ഥാപനത്തിന് ക്രിമിറ്റോറിയം മെയിന്റനൻസിനായി താഴെക്കൊടുക്കും പ്രകാരം തനത് ഫണ്ടിൽ നിന്നും തുക നൽകിയിട്ടുണ്ട്.

| ക്രമ നം | വൗച്ചർ നം/തിയതി | ചെക്ക് നം /തിയതി | തുക |
|---|---|---|---|
| 1 | 22100509/10.9.21 | 140258/10.9.21 | 14400 |
| | 22100510/10.9.21 | | 1410 |
| 2 | 22100601/11.10.21 | 133144/11.10.21 | 50000 |
| | 22100602/11.10.21 | 133145/11.10.21 | 28000 |
| 3 | 22100742/15.11.21 | 133929/15.11.21 | 83240 |
| ആകെ | | | 177050 |

5. എ എം സി എടുത്തിരിക്കുന്നത് 150000 രൂപയ്ക്കാണ് എന്നിരിക്കെ മേൽ പ്രകാരവും തുക അനുവദിച്ചത് വഴി 27050 രൂപ അധികം അനുവദിച്ചിട്ടുണ്ട്. 8.10.21 ലെ 11/1കമ്മിറ്റി തീരുമാന പ്രകാരം 78000 രൂപ ഈ പദ്ധതിയ്ക്കായി തനത് ഫണ്ടിൽ നിന്നും അനുവദിച്ചു നൽകിയ സെക്രട്ടറിയുടെ നടപടി സാധൂകരിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 9.11.21 ലെ 1/12തീരുമാന പ്രകാരം 83240രൂപ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽ പ്രകാരമുള്ള തുകകളോടൊപ്പം 10/09/21 ൽ അനുവദിച്ച 15810 രൂപയും ചേർത്ത് ആകെ 177050 രൂപ തനതു ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് . പിന്നീട് 22101288/ 23.3.22-ാം നമ്പർ വൗച്ചർ പ്രകാരം സി എഫ് സി ഗ്രാന്റ് 150000 രൂപ തനത് ഫണ്ടിലേക്ക് മാറ്റിയിടുകയാണ് ചെയ്തിരിക്കുന്നത്. കൂടാതെ 146/22എന്ന പദ്ധതി പ്രകാരം 27050 രൂപ തനത് ഫണ്ടിൽ നിന്ന് അനുവദിച്ച് പിന്നീട് സി എഫ് സി ഗ്രാന്റിൽ നിന്നും തനത്ഫണ്ടിലേക്ക് മാറ്റിയിടുകയും ചെയ്തിട്ടുണ്ട്. (ആകെ തനതു ഫണ്ടിൽ നിന്നും സി എഫ് സി യിലേക്ക് മാറ്റിയിട്ട തുക 150000 + 27050 = 177050).

ഇത്തരത്തിൽ ഫണ്ടുകൾ മാറ്റി ചെലവഴിക്കുന്ന പ്രവണത അഭിലഷണീയമല്ല.

മേൽ പ്രകാരം കരാറിലേർപ്പെടാതെ സ്ഥാപനത്തിന് തുക കൈമാറിയതിനും അധിക തുക അനുവദിച്ചതിനും മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( 20/18.11.22) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും അധികം അനുവദിച്ച 27050 രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 621700 | 6/22 നെൽകൃഷി വികസനം | 621700 | 0 |
| | | 150000 | 70/22 പാലിയേറ്റീവ് പരിചരണം | 150000 | 0 |
| | | 200000 | 7/22 ഭിന്നേശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് & യാത്രാബത്ത | 200000 | 0 |
| | | 107500 | 2/22 അംഗൻവാടി പോഷകാഹാര പദ്ധതി | 107500 | 0 |
| | | 170000 | 117/22 ലൈഫ് എസ്. സി | 170000 | 0 |
| | | 920000 | 4/22 ലൈഫ് എസ്. സി | 920000 | 0 |
| | | 980000 | 24/22 ലൈഫ് ജനറൽ | 980000 | 0 |
| | | 50000 | 28/22 ക്ഷീരസഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 800000 | 159/22 അമ്പിളി അംഗൻവാടി നിർമ്മാണം | 800000 | 0 |
| | | 505309 | 112/22 മങ്ങാട് വായനശാല കരുവാൻ ഇടവഴി കുടിവെള്ള പദ്ധതി | 505309 | 0 |
| | | 38941 | 112/22 മങ്ങാട് വായനശാല കരുവാൻ ഇടവഴി | 38941 | 0 |

| | | | | | |
|---|---|---|---|---|---|
| | | | കുടിവെള്ള പദ്ധതി | | |
| | | 728910 | 136/22 11-ാം വാർഡിലെ കോളനി പിഎച്ച്സി കുടിവെള്ളപദ്ധതി | 728910 | 0 |
| | ആകെ | 5272360 | | 5272360 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | | | | |
| | | 300000 | 159/22 അമ്പിളി അംഗൻവാടി നിർമ്മാണം | 300000 | 0 |
| | | 343800 | 6/22 നെൽകൃഷി വികസനം | 343800 | 0 |
| | | 34300 | 7/22 ഭിന്നേശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് & യാത്രാബത്ത | 34300 | 0 |
| | | 100000 | 117/22 ലൈഫ് എസ്. സി | 100000 | 0 |
| | | 520000 | 4/22 ലൈഫ് എസ്. സി | 520000 | 0 |
| | | 50000 | 28/22 ക്ഷീരസഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 50000 | 0 |
| | | 300000 | 124/22 പാലിയേറ്റീവ് പരിചരണം | 0 | 300000 |
| | ആകെ | 1648100 | | 1348100 | 300000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 155/22 സ്ട്രീറ്റ് മെയ്ൻ നീട്ടൽ | 42100264 | 72500 | 0 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 155/22 സ്ട്രീറ്റ് മെയ്ൻ നീട്ടൽ | 42100278 | 56464 | 0 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി | 155/22 സ്ട്രീറ്റ് മെയ്ൻ നീട്ടൽ | 42101302 | 99689 | 0 |

| | | | | |
|---|---|---|---|---|
| ബോർഡ് | | | | |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 155/22 സ്ട്രീറ്റ് മെയ്ൻ നീട്ടൽ | 42101311 | 73820 | 0 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 155/22 സ്ട്രീറ്റ് മെയ്ൻ നീട്ടൽ | 42101312 | 59370 | 0 |
| ഭൂജല വകുപ്പ് | 103/22 സെൻറ് ജോർജ്ജ് കുടിവെള്ള പദ്ധതി | 42101362 | 341000 | 0 |
| ഭൂജല വകുപ്പ് | 104/22 ഒരുവന്നൂർ മന കുടിവെള്ള പദ്ധതി | 42101364 | 266640 | 0 |
| ഭൂജല വകുപ്പ് | 104/2022 ഒരുവന്നൂർ മന കുടിവെള്ള പദ്ധതി | 42101365 | 410820 | 0 |
| ഭൂജല വകുപ്പ് | 104/22 ഒരുവന്നൂർ മന കുടിവെള്ള പദ്ധതി | 42101366 | 101322 | 0 |
| ഭൂജല വകുപ്പ് | 105/2022 പാററപ്പുറം അയ്യംപറമ്പ് കുടിവെള്ളപദ്ധതി | 42100363 | 231000 | 0 |
| ഭൂജല വകുപ്പ് | 112/22 മങ്ങാട് വായനശാല കരുവാൻ ഇടവഴി കുടിവെള്ള പദ്ധതി | 42100258 | 20059 | 0 |
| ഭൂജല വകുപ്പ് | 112/22 മങ്ങാട് വായനശാല കരുവാൻ ഇടവഴി കുടിവെള്ള പദ്ധതി | 42100968 | 38941 | 0 |
| ഭൂജല വകുപ്പ് | 112/22 മങ്ങാട് വായനശാല കരുവാൻ ഇടവഴി കുടിവെള്ള പദ്ധതി | 42100298 | 505309 | 0 |
| ഭൂജല വകുപ്പ് | 136/2022 11-ാം വാർഡ് കോളനി പിഎച്ച് സി കുടിവെള്ളപദ്ധതി | 42100255 | 728910 | 0 |
| ഭൂജല വകുപ്പ് | 140/22 സെൻറ്ജോർജ്ജ് കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം | 42100259 | 100000 | 0 |
| ഭൂജല വകുപ്പ് | 140/22 സെൻറ്ജോർജ്ജ് കുടിവെള്ള പദ്ധതി | 42100273 | 8000 | 0 |

| | | | | |
|---|---|---|---|---|
| | രണ്ടാം ഘട്ടം | | | |
| ഭൂജല വകുപ്പ് | 143/2022 ഒരുവന്നൂർ മന കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം | 42100260 | 97000 | 0 |
| ഭൂജല വകുപ്പ് | 44/2022പാറപ്പുറം അയ്യംപറമ്പ് കുടിവെള്ളപദ്ധതി | 42100261 | 100000 | 0 |
| ഭൂജല വകുപ്പ് | 144/2022പാറപ്പുറം അയ്യംപറമ്പ് കുടിവെള്ളപദ്ധതി | 42100272 | 2000 | 0 |
| ഭൂജല വകുപ്പ് | 144/2022പാറപ്പുറം അയ്യംപറമ്പ് കുടിവെള്ളപദ്ധതി | 42100275 | 119000 | 0 |
| ഭൂജല വകുപ്പ് | 144/2022പാറപ്പുറം അയ്യംപറമ്പ് കുടിവെള്ളപദ്ധതി | 42100276 | 859000 | 0 |
| മിഷൻ ഡയറക്ടർ എം ജി എൻ ആർ ജി എസ്. | 159/22അമ്പിളി അംഗൻവാടി നിർമ്മാണം | 42100266 | 300000 | 0 |
| മിഷൻ ഡയറക്ടർ എം ജി എൻ ആർ ജി എസ്. | 159/22അമ്പിളി അംഗൻവാടി നിർമ്മാണം | 42100296 | 220194 | 0 |
| മിഷൻ ഡയറക്ടർ എം ജി എൻ ആർ ജി എസ്. | 159/22അമ്പിളി അംഗൻവാടി നിർമ്മാണം | 42100297 | 800000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | | 1757002 | 234666 | 0 | 1522336 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം / തിയതി |
|---|---|---|---|---|
| 2016/17 | 2-1(4) | 1200<br>150 | താജ് ഏജൻസീസ്,പോർക്കുളം<br>ഡോ.പല്ലവി കെ.ദാസ്,പി.എസ്.എം ഡെൻറൽ കോളജ് | 121050102804 Dt-21/01/22<br>121050102829 Dt-22/01/22 |
| 2019/20 | 1(4) | 30417<br>27262 | ശ്രീരാമകൃഷ്ണൻ,കോൺട്രാക്ടർ<br>അഷ്റഫ്,കോൺട്രാക്ടർ | 121050103417dt-28/02/22<br>121050103499 Dt-02/03/22 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 63151381 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 62286668 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 27050 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 27050 | വൃന്ദ വി, സെക്രട്ടറി |
| ആകെ | 27050 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|
| വൃന്ദ വി, സെക്രട്ടറി | വാക്കയിൽ ഹൗസ്,അഞ്ഞൂർ പി.ഒ,തൃശ്ശൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് അദാലത്തിന് ശേഷം ഇനി തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE /CH/SCH) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 2002-03 | LFT.10-152/07 Dt.8.10.07 | 3 | 3-9,3-13,3-15 | |
| 2 | 2005-06 | LFT.10-1957/08 Dt.17.8.10 | 4 | 3-6,3-7,3-8,3-9 | |
| 3 | 2006-07 | LFT.10-568/10 Dt.17.5.11 | 14 | 3-2,3-4,3-7,3-8,3-9, 3-12,3-13,3-14, 3-15,3-16,3-17, 3-18,3-19,3-20 | |
| 4 | 2007-08 മുതൽ 2010-11 വരെ | LFT(P2)-1619/12 Dt.8.3.13 | 20 | 1-5,2-1ബി,3-2,3-4എ, 3-11(1),3-12,3-16എ, 3-16ബി,3-16സി,3-18, 3-19,3-20,3-21, 3-22,3-23, 3-24,3-25,3-26,3-27, 3-29,3-30, 3-32എ,3-32ബി | |
| 5 | 2011-12 | LFTP6-913/13 Dt.22.11.13 /1.1.14 | 5 | 2-4(6,7),3-2,3-3,3-4,3-6 | |
| 6 | 2012-13 | LFT(P9)-1442/19 Dt.5.1.15/ 7.3.15 | 8 | 3-1,3-2,3-9,3-10,3-11, 3-12,3-13,3-14 | |
| 7 | 2014-15 | KSATSR(P9)-999/16 Dt.24.6.16 | 5 | 3-1,3-3,3-4,3-5,3-8 | |
| 8 | 2015-16 | KSATSR(P6)-1279/16 Dt.1.11.16 | 5 | 2-1,2-3(1 TO 8),3-1,3-7,3-8 | |
| 9 | 2016-17 | KSATSR(P6)-1406/17 Dt.14.9.17/ 13.10.17 | 7 | 2-5(1,3,5),3-1,3-2(1,2,3), 3-4,3-10,3-11,3-12 | |
| 10 | 2017-18 | KSATSR(P6)-1371/18 Dt.4.10.2018 | 12 | 2-4,2-8,2-9,3-4,3-6,3-8, 3-9,3-11,3-16, 3-19,3-20(2),3-21 | |
| 11 | 2018-19 | കെ.എസ്.എ.ടി.എസ്.ആർ (പി6)372/20 തീയതി 18.05.20 | 15 | 1-11,1-13,1-15,1-17,1-18, 1-19, 1-20,1-21,1-22,1-23, 1-24, 1-26,1-28,1-29,1-30 | |
| 12 | 2019-20 | കെ.എസ്.എ.ടി.എസ്.ആർ (പി12)1100/21 തീയതി 21.02.22 | 48 | 1-11,1-11-1,1-11-2, 1-11-3,1-11-4, 1-11-5,1-11-6,1-11-7, 1-11-8,1-11-9, 1-11-10,1-12,1-12-1, 1-12-2,1-12-3, 1-13,1-13-1,1-13-2, 1-13-3,1-14, 1-15,1-16,1-17,1-18, | |

| | | | | | |
|---|---|---|---|---|---|
| | | | | 1-19,1-20,<br>1-21,1-22,1-23,1-24,<br>1-25,1-26,1-27,<br>1-28,1-29,<br>1-30,1-31,1-32,1-33,<br>1-34,1-35,1-36,1-37,<br>1-38,1-39,1-40,1-41 | |
| 13 | 2020-21 | കെ.എസ്.എ.ടി.എസ്.ആർ (പി12)1101/21 തീയതി 21.02.22 | 56 | 1-11-1,1-11-2,1-11-3,<br>1-11-4,1-11-5,<br>1-11-6,1-11-7,1-11-8,<br>1-11-9,1-12,1-12-1,<br>1-12-2,1-12-3,1-12-4,<br>1-12-5,1-13,<br>1-13-1,1-13-2,1-13-3,<br>1-14,1-15,1-16,1-17,<br>1-18,1-19,<br>1-20,1-21,1-22,1-23,<br>1-24,1-25,<br>1-26,1-27,1-28,<br>1-29,1-30,1-31,1-32,<br>1-33,1-34,1-35,1-36,<br>1-37,1-38,1-39,1-40,<br>1-41,1-42,1-43,1-44,<br>1-45,1-46,1-47,1-48,<br>1-49,1-50 | |
| | ആകെ | | 202 | | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്